# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നെല്ലനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.13/139/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/02/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെല്ലനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.13/139/2023 തീയ്യതി: 17/02/2023

## തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 31 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-01-2023 | 19-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 19-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സിന്ധു പി എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി വെർജിൻ ഷീജ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അൻവർ രാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി അമലാദേവ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബീനകുമാരി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അജിത് കുമാർ സി | സെക്രട്ടറി | 01-04-2021 | 10-08-2021 |
| ശ്രീമതി ബിജി ജോസഫ് | സെക്രട്ടറി | 11-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി നിർമ്മലദേവി എസ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീ രാജേഷ് ചന്ദ്രൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ സജികുമാർ | മെഡിക്കൽ ഓഫീസർ, PHC | 01-04-2021 | 31-03-2022 |
| ഡോ സ്മിത എൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി സരിത വിജയൻ | ഫിഷറീസ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ മഞ്ചേഷ് എൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 01-04-2021 | 31-03-2022 |
| ശ്രീ ആഹോഷ് എസ് ദർശൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-04-2021 | 31-08-2021 |
| ശ്രീമതി അർച്ചന രാജൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 01-09-2021 | 31-03-2022 |
| ശ്രീമതി ആതിര പി | ICDS സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി സുമ റോസ് സുന്ദരേശൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ സന്തോഷ് എസ് ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ പ്രസാദ് എൻ | അസിസ്റ്റന്റ് സെക്രട്ടറി | 12-07-2021 | 31-03-2022 |
| ശ്രീ ഗോകുൽ കെ എൽ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി ദീപ്തി ബി എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 18-07-2021 |
| ശ്രീമതി ആൻസി എ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-07-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | ബഡ്ജറ്റ്- അപാകങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക | 1-2 |
| 4 | വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ | 1-2-1 |
| 5 | ഗ്രാന്റ് വിനിയോഗം | 1-3 |
| 6 | പദ്ധതി അവലോകനം | 1-4 |
| 7 | ക്ഷേമ പദ്ധതികൾ | 1-5 |
| 8 | ക്ഷേമ പെൻഷനുകൾ മരണശേഷവും വിതരണം ചെയ്തു | 1-5-1 |
| 9 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ | 1-6-1 |
| 11 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 14 | വസ്തുനികുതി - അപാകങ്ങൾ | 1-10 |
| 15 | കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല. | 1-11 |
| 16 | ലൈസൻസ് നൽകൽ - അപാകതകൾ | 1-12 |
| 17 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നില്ല | 1-13 |
| 18 | പാലിയേറ്റീവ് കെയർ പദ്ധതിയിലെ അപാകങ്ങൾ | 1-14 |
| 19 | ഔഷധി കരാർ തീയതി കഴിഞ്ഞ് വൈകി മരുന്നുകൾ വിതരണം ചെയ്തു | 1-15 |
| 20 | ഔഷധം കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു. | 1-16 |
| 21 | ഹോമിയോ മരുന്നുകൾ വൈകി വിതരണം ചെയ്തു. | 1-17 |
| 22 | അങ്കണവാടികളുടെ ഭൌതിക സാഹചര്യം- അവലോകനം | 1-18 |
| 23 | ബഡ്സ് സ്കൂൾ നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ല. | 1-19 |
| 24 | ജനകീയ ഹോട്ടൽ - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ചെലവുതുക100000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-20 |
| 25 | ദുരിതാശ്വാസനിധി പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ് | 1-21 |
| 26 | ബയോ ഫ്ലോക് മത്സ്യ കൃഷി- പദ്ധതി ലക്ഷ്യം കണ്ടില്ല. | 1-22 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 1-23 |

| | | |
|---|---|---|
| 28 | എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു. | 1-24 |
| 29 | ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ് | 1-25 |
| 30 | വിദ്യാവെളിച്ചം പദ്ധതി ലക്ഷ്യം കണ്ടില്ല - 314404/-രൂ പാഴ്ചെലവ് | 1-26 |
| 31 | നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്. | 1-27 |
| 32 | പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല | 1-28 |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല – 4101298/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 34 | റോഡ് കണക്ടിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല | 1-30 |
| 35 | പഠനമുറി ധനസഹായം - ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി. | 1-31 |
| 36 | ഹരിതകർമ്മസേനാ തുടർപ്രവർത്തനങ്ങൾ | 1-32 |
| 37 | സ്റ്റോക്കിലെടുത്ത വെബ് ക്യാമറ ബഡ്സ് സ്കൂളിൽ സ്ഥാപിച്ചിട്ടില്ല. | 1-33 |
| 38 | തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഓണറേറിയം തനതു ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല. | 1-34 |
| 39 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല 240000/-രൂ തടസ്സപ്പെടുത്തുന്നു | 1-35 |
| 40 | വീട് വാസയോഗ്യമാക്കൽ -ആനുകൂല്യം അനുവദിച്ചതിലെ അപാകതകൾ | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

2021-22ലെ ബജറ്റ്, ഭരണസമിതിയുടെ 18.02.2021 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 315092000/-രൂപയും പ്രതീക്ഷിത ചെലവ് 317030000/- രൂപയും നീക്കിയിരിപ്പ് 16990025/-രൂപയുമാണ്.

### 1-1-1 ബഡ്ജറ്റ്- അപാകങ്ങൾ

1. പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവലോകനം നടത്താറില്ല

2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടന്നിട്ടില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2021-22 സാമ്പത്തിക വർഷത്തെ സംബന്ധിച്ച് ) നടത്തിയിട്ടില്ല.

3. ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ അധികവും ചെലവ് ചെയ്തു

ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും വകയിരുത്തിയതിൽ അധികവും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | Employees Provident Fund Contribution | 210500101 | - | 167687 |
| 2 | Other Operating And Maintenance Expenses | 2308001 | 400000 | 910734 |
| 3. | Bank Charges | 2407001 | 10000 | 13466 |
| 4. | Agriculture And Related Sectors- Other Crops | 2501002 | 600000 | 866219 |

| | | | | |
|---|---|---|---|---|
| | General. | | | |
| 5 | Agriculture And Related Sectors- Marketing | 2501028 | - | 254460 |
| 6. | Animal Husbandry- Calf | 2501034 | 600000 | 1378000 |
| 7. | Animal Husbandry- Infrastructure | 2501039 | - | 299999 |
| 8. | Service Enterprises | 2503015 | - | 53346 |
| 9. | Revolving Fund For Kudumbasree Employment Programs | 2503018 | - | 100000 |
| 10. | Literacy Equivalance Examination | 2510115 | 100000 | 641125 |
| 11. | Other Constructions – Side Walls | 2523102 | - | 27848 |
| 12. | Education – Related Activities | 2511013 | 500000 | 643404 |
| 13. | PHC, CHC And Other Hospitals/dispensaries | 2512001 | - | 952330 |
| 14. | Medicines | 2512004 | 1200000 | 1265640 |
| 15. | Sanitation | 2512009 | 900000 | 2243622 |
| 16 | Programs For Physically / Mentally Challenged | 2513006 | 2200000 | 2860900 |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 20 ന് മറുപടി ലഭ്യമാക്കിയില്ല. നിയമം അനുശാസിക്കും വിധം സമയപരിധിയ്ക്കുള്ളിൽ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും മേൽ അപാകതകൾ പരിഹരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 11.08.2022 |

വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ഉപഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-2-1 വാർഷിക ധനകാര്യ പത്രിക - അപാകങ്ങൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് പ്രതിമാസം ഡിമാന്റ് ചെയ്യുന്നതിൽ സാങ്കേതിക

ബുദ്ധിമുട്ടുള്ളതുകൊണ്ട് വാർഷികാടിസ്ഥാനത്തിലാണ് ഡിമാന്റ് ചെയ്തിട്ടുള്ളതെന്നാണ് മറുപടി ലഭ്യമാക്കിയത്.

3. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നതിനായി പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതമായ 265579/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് മറുപടി ലഭ്യമാക്കിയില്ല. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും ഇതേ തുകയാണ് നീക്കിയിരിപ്പായുള്ളത്.

4. 2021-22 സാമ്പത്തിക വർഷത്തെ B-7, RP-34(വരവ്), RP-34(ചെലവ്), 2021-22 സാമ്പത്തിക വർഷത്തെ B-7 എന്നീ ഷെഡ്യൂളുകൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിലെ മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

Contractors EMD, Contractors Security Deposit, Bidders Security Deposit, Other Deposits - Revenue എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് തുക 2020-21 ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പുള്ള തുകയാണ്. ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരമുള്ള തുകകളിൽ 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാൻ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് 3 വർഷ കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി.

5. 2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ B-15 Schedule പ്രകാരം Receivables For Advertisement Tax(arrears) ഇനത്തിൽ 94500/- രൂപ നീക്കിയിരിപ്പുണ്ട്. 2020-21 വർഷവും ഇതേ തുകയാണ് നീക്കിയിരിപ്പായുള്ളത്. ടി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് ടി കുടിശ്ശിക 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലേതാണെന്നും പരസ്യ നികുതി പിരിവ് നിർത്തലാക്കിയതിനാൽ ടി തുക പിരിച്ചെടുക്കുവാൻ സാധിക്കില്ലെന്നാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത വിഷയത്തിൽ ഭരണസമിതി കൂടി തുക എഴുതിത്തള്ളുന്നതിനോ പിരിച്ചെടുക്കുന്നതിനോ ഉള്ള ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

6.സ്ഥിര നിക്ഷേപത്തിന്റെ ഫയലും അനുബന്ധ രേഖകളും ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് ഫിക്സഡ് ഡെപ്പോസിറ്റ് രസീത് 03/ 07 നമ്പർ കേസിൽ കോടതിയിൽ ഹാജരാക്കിയിട്ടുള്ളതാണെന്ന മറുപടി ലഭ്യമാക്കി. എന്നാൽ കേസിന്റെ ഫയലുകളോ ആയതിന്റെ വിശദാംശങ്ങളോ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

7. ധനകാര്യപത്രികയിൽ Investments- Fixed Deposits (420800101) എന്ന ഇനത്തിൽ 1648790/- രൂപ നീക്കിയിരിപ്പുണ്ട്. 2020-21 വർഷത്തെ ബാലൻസ് ഷീറ്റിലും ഇതേ തുകയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ടി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.02.2021 ൽ 1643430/- രൂപയാണ് നീക്കിയിരിപ്പ് കാണിക്കുന്നത്. എന്നാൽ ലെഡ്ജർ പ്രകാരം 31.02.2021 ൽ 1648790/- രൂപ നീക്കിയിരിപ്പുണ്ട്. 2021-22 കാലയളവിൽ 78495/- രൂപ വരവും 16635/- രൂപ ചെലവും രേഖപ്പെടുത്തിയിരിക്കുന്നു. ബാക്കി 31.03.2022ൽ 1705290/- രൂപയാണ് നീക്കിയിരിപ്പുള്ളത്. എന്നാൽ ടി തുകയല്ല AFSൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 25ന് ഫിക്സഡ് ഡെപോസിറ്റിന്റെ പലിശയിനത്തിൽ 56500/- രൂപ 2021-22 സാമ്പത്തിക വർഷം വരവ് വരുത്തിയിരുന്നില്ലെന്നും ടി തുക വരുന്ന സാമ്പത്തിക വർഷം വരവ് ഇനത്തിൽ ഉൾപ്പെടുത്തുന്നതാണെന്നുമാണെന്നാണ് മറുപടി ലഭ്യമാക്കിയത്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

8. വാർഷിക ധനകാര്യ പത്രിക, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം സംയുക്ത പ്രോജക്ടുകളുടെ (ജില്ലാ പഞ്ചായത്ത് വിഹിതം) വിശാദാംശം ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 202-22 RP-7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | 2020-21 B-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 792450 | 792450 | 576200 | 0 |

216250/- രൂപയുടെ നീക്കിയിരിപ്പുണ്ടായിട്ടും 2021-22 ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ ആയത് രേഖപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് ജില്ലാ

പഞ്ചായത്ത് വിഹിതം ലഭ്യമാക്കാത്തതിനാൽ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കാൻ നിർദേശം ലഭിച്ചതിനാൽ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും ടി തുക റീക്ലപ് ചെയ്ത തനതുഫണ്ടിൽ അടവാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി .

9. ചുവടെ പറയുന്ന ഇനങ്ങളുടെ 2021-22 വർഷത്തെ ഡിസിബി സ്റ്റേറ്റ്മെന്റ്, പ്രകാരമുള്ള തുകകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഇനം | ഡിസിബി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | | | വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുക | | |
|---|---|---|---|---|---|---|---|
| | | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| 1 | Property Tax - Residential | 3944534 | 3182819 | 746583 | 3947789 | 3186488 | 757741 |
| 2 | Property Tax – Non Residential | 7124902 | 6226005 | 921559 | 7130472 | 6218322 | 891619 |
| 3 | Licence Fees For Dangerous And Offensive Trades | 721100 | 721100 | 0 | 721100 | 467900(2020-21 B-9)+493900= 961800 | 0 |
| 4 | Rent(current) | 2867329 | 2394226 | 473103(രജിസ്റ്ററിൽ 470390) | 2867329 | 2396889 | 470440 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 11 ന് മറുപടി ലഭ്യമാക്കിയില്ല.

10. 2021-22 ലെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം Capital Work In Progress 3967494/- രൂപയാണ്. എന്നാൽ എ.എഫ്.എസ് B11(a) ഷെഡ്യൂളിൽ Capital Work In Progress ഇനത്തിൽ 1773281/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി വ്യത്യാസത്തിന്റെ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 11 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 15246408 | 15246408 | 16066311 | -819903 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7070880 | 7070880 | 6401618 | 669262 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 8167905 | 8167905 | 3743589 | 4424316 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4092591 | 4092591 | 3467838 | 624753 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 27569200 | 27569200 | 15735461 | 11833739 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6867019 | 6867019 | 3553613 | 3313406 |
| CSS | 0 | 0 | 0 | 2301900 | -2301900 |
| SSS | 0 | 0 | 0 | 746783 | -746783 |

വികസന ഫണ്ട് ജനറൽ, CSS, SSS എന്നിവ നെഗറ്റീവ് ആയത് വിശദീകരിക്കേണ്ടതാണ്.

1) ലഭ്യമാക്കിയ ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആറും എ.എഫ്. എസുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | എ.സി.ആർ പ്രകാരമുള്ള ചെലവ് തുക | എ എഫ് എസ് പ്രകാരമുള്ള തുക | ഗ്രാന്റ് യൂട്ടിലൈസേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക |
|---|---|---|---|
| Development Fund- General | 13333412 | 13333412 | 16066311 |
| Development Fund -SCP | 5545984 | 5545984 | 6401618 |
| CFC- Untied | 3467838 | 3924736 | 3467838 |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 25 ന് CFC- Untied ഗ്രാന്റിൽ 18801/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ടി തുക സുലേഖയിൽ ചെലവ് വരുത്തിയിരുന്നില്ലെന്നും വരുന്ന സാമ്പത്തിക വർഷം സുലേഖയിൽ ചെലവ് വരുത്തുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. അപാകം പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തെ മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ | ചെലവ് | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 7415350 | 4215654 | 56.85 |
| | പട്ടിക ജാതി | 768000 | 184000 | 23.96 |
| സേവനം | പൊതുവിഭാഗം | 74550324 | 31800215 | 42.66 |
| | പട്ടിക ജാതി | 34916479 | 12583663 | 36.04 |
| പശ്ചാത്തലം | പൊതുവിഭാഗം | 42895652 | 22272034 | 51.92 |

പദ്ധതിപ്പണം പൂർണമായും ഫലപ്രദമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) 2021-22 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് വിഹിതമായി ലഭ്യമായതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320700104 | Contributions For Joint Venture Projects(for Capital Expenditure)- From Block Panchayats | 1500000 |
| 2 | 320700204 | Contributions For Joint Venture Projects(for Revenue Expenditure)- From Block Panchayats | 899559 |

ചെലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണെന്ന് വ്യക്തമല്ല. 23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് ആക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. പ്രസ്തുത തുകകളുമായി ബന്ധപ്പെട്ട പദ്ധതികൾ സ്പിൽ ഓവർ ആയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാനും ഇല്ലെങ്കിൽ ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറിയതിനും അക്കൗണ്ട് സീറോ ബാലൻസ് ആക്കാത്തതിനും വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 4ന് കഴിഞ്ഞ സാമ്പത്തിക വർഷം ബി 4 ഷെഡ്യൂൾ പ്രകാരം ടി ഹെഡുകളിൽ പ്രൊജക്റ്റ് വെച്ചിരുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയത്.

## 1-4 പദ്ധതി അവലോകനം

(എ) പദ്ധതി നിർവ്വഹണം

2021-22 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടുകൾ | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|
| | | അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | നടപ്പിലാക്കിയ പ്രോജക്ടിന്റെ ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| I | കൃഷി ഓഫീസർ | 6 | 6 | 0 | 100 | 1453350 | 1290679 | 88.8 |
| Ii | വെറ്ററിനറി സർജൻ | 7 | 6 | 1 | 85.71 | 4778000 | 1957999 | 41 |
| Iii | മെഡിക്കൽ ഓഫീസർ - CHC | 5 | 5 | 0 | 100 | 2620000 | 2617970 | 99.9 |
| Iv | മെഡിക്കൽ ഓഫീസർ - ആയുർവേദം | 3 | 3 | 0 | 100 | 1800000 | 1800000 | 100 |
| V | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 0 | 100 | 552000 | 95430 | 17.3 |
| Vi | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 25 | 23 | 2 | 92 | 61271353 | 18446563 | 30.1 |
| Vii | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 8 | 1 | 88.8 | 6384000 | 5626900 | 88.1 |
| Viii | സെക്രട്ടറി | 40 | 29 | 11 | 72.5 | 23800265 | 15169638 | 63.7 |
| X | അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 44 | 34 | 56.4 | 48176312 | 19176571 | 39.8 |
| Xi | എച്ച്.എം. | 6 | 5 | 1 | 83.3 | 2800000 | 2030004 | 72.5 |
| Xii | ഡയറിഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 100 | 1200000 | 902200 | 75.2 |
| Xiii | അസിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 1 | 90.9 | 5710525 | 1941612 | 34 |
| ആകെ | | 192 | 141 | 51 | 73 | 160545805 | 71055566 | 44.26 |

1) ആകെ വകയിരുത്തിയതിന്റെ 44 ശതമാനം മാത്രമാണ് ചെലവഴിച്ചിരിക്കുന്നത് .

എ) അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 78 പ്രോജക്ടുകളിൽ 44 എണ്ണം മാത്രമാണ് നടപ്പാക്കിയത്.

ബി) ഫിഷറീസ് ഇൻസ്പെക്ടർ തൻവർഷം നടപ്പാക്കുന്നതിനായി അംഗീകാരം വാങ്ങിയത് ഒരു പ്രോജക്ടാണ് ആയത് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഫണ്ട് വിനിയോഗം 17 ശതമാനം മാത്രമാണ്.

സി) വി ഇ ഒ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ പദ്ധതികളുടെ ചെലവ് ശതമാനം 30, 34 എന്നിങ്ങനെയാണ്.

2)തൻവർഷം സ്പിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾ നടപ്പാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | S0158 | കോട്ടറക്കോണം തെക്കതിൽ റോഡ് നവീകരണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| 2 | S0167 | വരത്തുർ റോഡ് ഓട നിർമാണം | അസിസ്റ്റന്റ് എഞ്ചിനീയർ |

(ബി) പദ്ധതി ആസൂത്രണം

ആസൂത്രണ സമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണസമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കാവുന്നതാണ്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണസമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി, ആസൂത്രണസമിതി പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

2021-22 വർഷത്തെ വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണ സമിതി യോഗം 29-01-21 ന് ചേർന്നതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഖണ്ഡിക 3.1.2 പ്രകാരം നിലവിലുള്ള വർക്കിംഗ് ഗ്രൂപ്പ് ആവശ്യമെങ്കിൽപുനസംഘടിപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം പുനസംഘടിപ്പിച്ചിട്ടുണ്ട്. . വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ 02.02.21 തീയതിയിലാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരിക്കുന്നത്. പ്രസ്തുത മീറ്റിംഗിൽ പദ്ധതി നടപടികളെക്കുറിച്ച് വിശദീകരിച്ച എന്നു പറയുന്നുണ്ടെങ്കിലും എന്ത് നടപടികളാണ് എന്ന് പറയുന്നില്ല. മിനിട്സ് പൂർത്തിയാക്കിയിട്ടില്ല.

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന ഗ്രാമസഭായോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. അത്തര ത്തിലൊരു ചുമതല വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹിച്ചതായി മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.ഖണ്ഡിക 3.1.2(ബി)12 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറി 33 ന് മറുപടി ലഭ്യമാക്കിയില്ല.
പദ്ധതിയിനത്തിൽ ലഭിക്കുന്ന തുക പരമാവധി ഫലപ്രദമായി ചെലവഴിച്ച് അടിസ്ഥാനവികസനം ഉറപ്പാക്കേണ്ടതിൽ ഭരണസമിതിയുടെയും ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും അടിയന്തിര ശ്രദ്ധ പതിയേണ്ടതാണ്.

## 1-5 ക്ഷേമ പദ്ധതികൾ

2021-22 സാമ്പത്തിക വർഷത്തിൽ സ്ഥാപനം നൽകിയ ക്ഷേമപെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | 167280 | 141 |
| 2 | കർഷകത്തൊഴിലാളി വേതനം | 4752200 | 314 |
| 3 | വിധവ പെൻഷൻ | 25040400 | 1655 |
| 4 | വാർദ്ധക്യകാല പെൻഷൻ | 40142500 | 2972 |
| 5 | വികലാംഗ പെൻഷൻ | 5757500 | 387 |

| | | | |
|---|---|---|---|
| 6 | 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 786800 | 50 |
| 7 | വിവാഹധനസഹായം | 360000 | 12 |

## 1-5-1 ക്ഷേമ പെൻഷനുകൾ മരണശേഷവും വിതരണം ചെയ്തു

ധനവകുപ്പിന്റെ 02.08.21 ലെ SFCBI/63/2021 നമ്പർ സർക്കുലർ പ്രകാരം ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താവ് മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടാൽ പെൻഷൻ വിതരണം അന്നു തന്നെ നിർത്തലാക്കേണ്ടതാണെന്നും മരണപ്പെട്ടവരെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കുവാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടാതണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കിയില്ലെങ്കിൽ സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്രകാരം മരണശേഷവും പെൻഷൻ നൽകിയതായുള്ള ഉദാഹരണങ്ങൾ ചുവടെചേർക്കുന്നു. അനർഹമായി വിതരണം ചെയ്ത തുക തിരികെ ഈടാക്കേണ്ടതാണ്.

| പെൻഷണറുടെ പേര്/ ആധാർ നമ്പർ | പെൻഷൻ | മരണമടഞ്ഞ തീയതി | പ്രതിമാസ പെൻഷൻ തുക | സ്റ്റാറ്റസ് | മറുപടി |
|---|---|---|---|---|---|
| രവീന്ദ്രൻആശാരി കെ 898915997753 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 12.05.2022 | 1600 | 2022 ജൂൺ വരെ പെൻഷൻ വിതരണം ചെയ്തു | അനർഹമായി ഗുണഭോക്താവിന്റെ അക്കൗണ്ടിലെത്തിയ പെൻഷൻ തുക കേരള സംസ്ഥാന സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിൻ്റെ അക്കൗണ്ടിലേക്ക് തിരിച്ച് അടയ്ക്കുന്നതിന് ബാങ്കിന് കത്ത് നൽകിയതായി അറിയിച്ചു. |
| ഭാസ്കരൻ നായർ.വി 836194704413 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 20.04.2022 | 1600 | ആക്ടീവ്/ 2022 നവംബർ വരെ പെൻഷൻ വിതരണം ചെയ്തു | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | | 1086635 | 1086635 | 1055925 | 30710 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 49296000 | 49296000 | 49296000 | |
| | | 50382635 | 50382635 | 50351925 | 30710 |

## 1-6-1 എം.ജി.എൻ.ആർ.ഇ.ജി.എസ്.പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-'22 സാമ്പത്തിക വർഷം നിർവ്വഹിച്ചിട്ടുള്ള

പദ്ധതികളുമായി ബന്ധപ്പെട്ടുള്ള വിവരങ്ങൾ

| | ആകെ വാർഡുകൾ | | |
|---|---|---|---|
| 1 | ആകെയുള്ള തൊഴിലാളി ഗ്രൂപ്പുകളുടെ എണ്ണം | 32 | |
| 2 | ആകെയുള്ള തൊഴിലാളികളുടെ എണ്ണം (2021-'22 ൽ തൊഴിൽ കാർഡ് എടുത്തവർ ഉൾപ്പെടെ) | ആകെ തൊഴിലാളികൾ 7936 | തൊഴിൽ കാർഡുകളുടെ എണ്ണം 5648 |
| 3 | 2021-'22 സാമ്പത്തിക വർഷം വിതരണം ചെയ്ത ആകെ തൊഴിൽ കാർഡുകളുടെ എണ്ണം | തൊഴിൽ കാർഡുകൾ 217 | തൊഴിലാളികൾ 392 |
| 4 | 2021-'22 സാമ്പത്തിക വർഷം സാങ്കേതികാനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 364 | |
| 5 | 2021-'22 സാമ്പത്തിക വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 312 | |
| 6 | 2021-'22 കാലയളവിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 1,30,332 | |
| 7 | 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 617 | |
| 8 | ലേബർ കമ്പോണൻറ് ഇനത്തിൽ ആകെ ചെലവഴിച്ച തുക | 385.26 ലക്ഷം | |
| 9 | മെറ്റീരിയൽ കമ്പോണൻറ് ഇനത്തിൽ ചെലവഴിച്ച ആകെ തുക | 90.44 ലക്ഷം | |
| 10 | സ്കിൽഡ് & സെമി സ്കിൽഡ് ഇനത്തിൽ ചെലവഴിച്ച ആകെ തുക | 17.11 ലക്ഷം | |
| | ആകെ | 107.55 ലക്ഷം | |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.01.2023, 02.11 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16921/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.05.22 | 8/21 മുതൽ 3/22 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.10.22 | 4/17 മുതൽ 8/22 വരെ | 30.11.22 |

## 1-9 ആഭ്യന്തരനിയന്ത്രണം

(I)ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവർത്തനവുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ യോഗം മാസത്തിലൊരു തവണയെങ്കിലും കൂടേണ്ടതും ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട് പ്രസ്തുത യോഗത്തിൽ അവതരിപ്പിക്കേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പരിപാടി തയ്യാറാക്കി മിനിട്ട്സിൽ രേഖപ്പെടുത്തുകയും പ്രസ്തുത വിവരം ഭരണസമിതിയെ അറിയിക്കുകയും വേണം.

ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ(കൈ)123/09 ത.സ്വ.ഭ.വ തീ.02.07.2009 )

ഗ്രാമ പഞ്ചായത്തിൽ ഫ്രണ്ട്ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടുണ്ട്. തപാൽ നം, അപേക്ഷകന്റെ പേര്, സേവനത്തിന്റെ സ്വഭാവം, സേവനം ലഭ്യമാക്കേണ്ട സെക്ഷന്റെ വിശദാംശം, ബന്ധപ്പെട്ട സെക്ഷനിൽ നിന്നും അപേക്ഷ തിരികെ ലഭിച്ച തീയതി, സേവനം ലഭിച്ച തീയതി, കൈപ്പറ്റുന്ന ആളുടെ പേര്, ഒപ്പ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കേണ്ടതാണ്.. പൊതുജനങ്ങൾക്ക് സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ടെന്നുറപ്പാക്കാൻ ഫ്രണ്ട്ഓഫീസ് ഡയറി കൃത്യമായി പരിപാലിക്കേണ്ടതുണ്ട്.

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

(Ii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് 2022 ൽ പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(Iii)ഭരണ സംവിധാനം

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്. കേ.പ.രാ സെക്ഷൻ 162a-b1(i) പ്രകാരം ഓഫീസ് പ്രവർത്തനം, രേഖകൾ സൂക്ഷിപ്പ്, അക്കൗണ്ട്സ്, ഓഡിറ്റ് എന്നിവയുടെ മേൽനോട്ടച്ചുമതല ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ്. പ്രസ്തുത കടമ പൂർണമായി നിർവഹിച്ചിട്ടില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതുണ്ട്. ഭരണ-ഉദ്യോഗസ്ഥതലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(Iv).വരവ്,ചെലവ്,പദ്ധതികൾ എന്നിവയുടെ വിവരം

വരവ് ചെലവ് കണക്കുകൾ ബജറ്റിന്റെ അടിസ്ഥാനത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വരവുകൾ കൃത്യമായി

തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല. അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയിട്ടില്ല.

ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ എന്നിവരെ നിയമിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പദ്ധതികളിൽ മോണിറ്ററിങ് കൃത്യമായി നടക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന തപാലുകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. മാർഗ്ഗരേഖ അനുശാസിക്കും വിധം മോണിറ്ററിംഗ് നടത്തുന്നില്ല. പല പൊതുമരാമത്ത് പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാതെയാണ് റോഡ് വർക്കുകൾ നിർവഹിച്ചിരിക്കുന്നത്.

ഭരണപരമായ നയങ്ങളുടെ പരിപാലനം, നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ ഏറെക്കുറെ തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. സുതാര്യമായ ധനകാര്യമാനേജ്മെൻറ്, ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത നിയമ സാധുത എന്നിവ ഉറപ്പാക്കാൻ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്.

## 1-10 വസ്തുനികുതി - അപാകങ്ങൾ

1. ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 207(1) പ്രകാരം ദാരിദ്യരേഖയ്ക്ക് താഴെയുള്ള ഉടമയുടെ 30 ച.മീ ൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ ഉടമസ്ഥൻ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്ന കെട്ടിടത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 5/275 | Sasikala Vilasam,Venjaramoodu P.O |
| | 5/276 | Sasikala Vilasam,Venjaramoodu P.O |
| 2 | 5/406 | Janaky,Karinchikkuzhy,Venjaramoodu P.O |
| | 5/407 | Janaky,Karinchikkuzhy,Venjaramoodu P.O |
| | 5/408 | Janaky,Karinchikkuzhy,Venjaramoodu P.O |
| 3 | 5/411 | Gracy, Karinchivila,Karinchi |
| | 5/412 | Gracy, Karinchivila,Karinchi |
| 4 | 5/522 | Ismayil Pillai, Undapparakuzhy,Venjaramoodu P.O. |
| | 5/526 | Ismayil Pillai, Undapparakuzhy,Venjaramoodu P.O. |
| 5 | 5/538 | Chellamma, Karinchy,Venjaramoodu P.O. |
| | 5/539 | Chellamma, Karinchy,Venjaramoodu P.O. |
| 6 | 5/568 | Kuttanpillai, Parackal Veedu,Venjaramoodu P.O |
| | 5/569 | Kuttanpillai, Parackal Veedu,Venjaramoodu P.O |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് മറുപടി ലഭ്യമാക്കിയില്ല.

2. ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള എല്ലാ കെട്ടിടങ്ങളെയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം ഒരു

കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതും ഒരു പഞ്ചവർഷ അസ്സസ്മെന്റ് കാലയളവിലേയ്ക്കായി ഇപ്രകാരം നികുതി ഒഴിവ് നൽകുന്നതിന് കെട്ടിട ഉടമയിൽ നിന്നും സത്യവാങ്മൂലം വാങ്ങി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ മേൽ ഉത്തരവ് പ്രകാരം നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

എ) സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കുമ്പോൾ കെട്ടിട ഉടമ ഗ്രാമപഞ്ചായത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 4 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങൾക്ക് നികുതി ഇളവ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 2/78 | Parthumma Beevi, Kingini TC 26 803 2 |
| 2 | 2/330A | AKSHEENA N, NIRULA |
| 3 | 3/205B | Murali V, Arathy Bhavan |
| 4 | 3/385B | Anil Kumar, Anil Bhavan |
| 5 | 3/436A | SHYLAJA. V S, VADAKKEVILAKATHUVEEDU |
| 6 | 4/117A | PRIYA S.B, VELUTHAPPARA THADATHARIKATHU VEEDU |
| 7 | 4/215A | Manju S, Karthika |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് നിലവിൽ ഉത്തരവ് പ്രകാരമുള്ള സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കുന്നുണ്ടെന്ന മറുപടി ലഭ്യമാക്കി.

ബി) മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതലാണ് വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിൽ 1ാം വാർഡ് മാത്രം പരിശോധിച്ചതിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/18 | JessyMol, Jiss Villa | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 2 | 1/42 | SAIJU, S.S BHAVAN | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 3 | 1/65 | Ganesan, Pulimoottil Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 4 | 1/80 | Janardhanan Achary, Vairadathu Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 5 | 1/90A | Sangkaran.M.G, S.R.Bhavan | 2013 ഒന്നാം അർദ്ധവർഷം |

| | | | |
|---|---|---|---|
| | | | മുതൽ |
| 6 | 1/110 | Sadasivan,Visalakshy, Mangalathu Puthen Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 7 | 1/113 | Rajan Achary, Vilayil Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 8 | 1/140 | Muhammed Kunju, Charuvila Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 9 | 1/147 | Souda Beevi, Puthuvalvila Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 10 | 1/167 | Adam Pillai, Kalluvilakathu Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 11 | 1/170 | Abdul Hameed, Kalluvilakathu Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 12 | 1/272 | Nandini, Vilayil Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 13 | 1/297 | Surendren, Madathil Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 14 | 1/400 | Raju, Charuvila Puthen Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 15 | 1/400A | Raju,Indira.A,Leela, Padannapara Charuvila Puthan Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 16 | 1/437 | Bindhu.S, Makanya Bhavan | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 17 | 1/441 | Kamalamma, Charuvila Puthen Veedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |
| 18 | 1/540 | Rajan, Kadikonathu Padippuraveedu | 2013 ഒന്നാം അർദ്ധവർഷം മുതൽ |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് നികുതി പുനർനിർണയ വേളയിൽ മുൻ സർക്കാർ ഉത്തരവ് പ്രകാരമാണ് ഇത്തരത്തിൽ നികുതി ഒഴിവാക്കിയിരുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയത്

സി) ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചു

ജി.ഒ(എം.എസ്).144/15/തസ്വഭവ, തീ.27.04.2015, ജി.ഒ(എം.എസ്).358/15/തസ്വ ഭവ, തീ. 16.12.2015 പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ 1 മുതൽ 4 വരെയുള്ള വാർഡുകൾ മാത്രം പരിശോധിച്ചതിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ്/കെട്ടിട നം. | പേര് /വിലാസം |
|---|---|---|
| 1 | 1/116A | MANI S.S, VILAYILVEEDU |
| | 1/118A | MANI S.S, VILAYILVEEDU |
| 2 | 1/293B | LALITHA, MARANIYIL VEEDU |
| | 1/294 | LALITHA, MARANIYIL VEEDU |
| 3 | 2/56A | Thampi,Sumathy, Thiruvathira |
| | 2/56B | Thampi,Sumathy, Thiruvathira |

| | | |
|---|---|---|
| 4 | 2/154A | SAJI KUMAR, THEKKECHARUVILA VEEDU |
| | 2/154B | SAJI KUMAR, THEKKECHARUVILA VEEDU |
| 5 | 2/166 | Deepu,Sreeremya, Diya Nivas |
| | 2/169 | Deepu,Sreeremya, Diya Nivas |
| 6 | 2/368 | Jayaprakash, Mamoottil Veedu |
| | 2/368A | Jayaprakash, Mamoottil Veedu |
| 7 | 3/157A | Ponnamma, Charuvila Puthen Veedu |
| | 3/157B | Ponnamma, Charuvila Puthen Veedu |
| 8 | 4/150A | Sunitha, Suraj Bhavan |
| | 4/150B | Sunitha, Suraj Bhavan |
| 9 | 4/481A | Simi A S, Cherukonath Panayil Puthenveedu |
| | 4/481B | Simi A S, Cherukonath Panayil Puthenveedu |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ പ്യൂരിഫിക്കേഷൻ ഓപ്പൺ ആക്കി തന്നിട്ടുള്ളതിനാൽ പ്രസ്തുത കെട്ടിടങ്ങളെ കണ്ടെത്തി നികുതി നിർണയിച്ച് തുക ഈടാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി

3.ഇളവ് കാലാവധി കഴിഞ്ഞും നികുതി ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് കെട്ടിട നികുതിയിൽ അനുവദിച്ചിരുന്ന ഇളവ് കാലാവധി അവസാനിച്ചതായി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ള ചുവടെ പറയുന്ന കെട്ടിടങ്ങളുടെ നികുതി കാലാവധി കഴിഞ്ഞും ഡിമാന്റ് ചെയ്യുകയോ പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | പേര്, വിലാസം | സഞ്ചയ പ്രകാരം ഇളവ് അവസാനിച്ചത് |
|---|---|---|---|
| 1 | 3/346 | കൃഷ്ണപിള്ള,കൃഷ്ണ വിഹാർ | 2017 രണ്ടാം അർദ്ധവർഷം വരെ |
| 2 | 3/356 | കെ.എസ്. പ്രഭ,പ്രശാന്ത്, | 2017 രണ്ടാം അർദ്ധവർഷം വരെ |
| 3. | 5/99 | രവീന്ദ്രൻ,സോണാലയം,തണ്ട്രാംപൊയ്ക | 2017 രണ്ടാം അർദ്ധവർഷം വരെ |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് നിലവിൽ വിമുക്ത ഭടന്മാർ/വിമുക്ത ഭടന്മാരുടെ ഭാര്യമാർ/വിധവകൾ എന്നിവരിൽനിന്നും ഓരോ സാമ്പത്തിക വർഷവും മാർച്ച് മാസത്തിൽ മുൻകൂറായി അപേക്ഷ സ്വീകരിച്ച് ആയത് വെരിഫൈ ചെയ്ത് മാത്രമാണ് ഇളവുകൾ അനുവദിച്ചു നൽകുന്നതെന്നാണ് മറുപടി ലഭ്യമാക്കിയത്

4. മൊ ബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്തു വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല.

മൊ ബൈൽ ടവറുകളുടെ ഡിമാന്റ് ചെയ്തു വസ്തുനികുതി പിരിച്ചെടുത്തിട്ടില്ല. താഴെപ്പറയുന്ന ടെലഫോൺ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും നികുതി ഒടുക്കുന്നതിൽ കുടിശ്ശിക കാണുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമ/സ്ഥാപനം | വാർഷിക നികുതി | കുടിശ്ശിക |
|---|---|---|---|---|
| 1 | 4/65/A | Manager,Bharathi Infracal LTD,Palarivattam. | 6930.00 | 69300 (2013 ഒന്നാം അർദ്ധവർഷം മുതൽ) |
| 2 | 4/271 | MANAGER,BHARATHI ARATHI MOBILE | 6930.00 | 69300 (2013 ഒന്നാം അർദ്ധവർഷം മുതൽ) |
| 3 | 7/951/A | General Manger Sub Division Engineer,Telecom Civil Sub Division,Attingal, | 6930.00 | 69300 (2013 ഒന്നാം അർദ്ധവർഷം മുതൽ) |

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി 19 ന് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-11 കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ടങ്ങൾ 2019, ചട്ടം 12, 13 എന്നിവ പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 11 -ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തിലെ അപേക്ഷകളും പെർമിറ്റ് രജിസ്റ്ററും പരിശോധിച്ചതിൽ, ഭൂരിപക്ഷം അപേക്ഷകളിലും ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ / നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | അപേക്ഷ നൽകിയ തീയതി | പെർമിറ്റ് അനുവദിച്ചുനൽകിയ തീയതി |
|---|---|---|---|
| 1 | സിയാഹുദ്ദീൻ ജസീന മൻസിൽ | 19.4.21 | 12.7.21 |
| 2 | അശ്വിൻ മാമ്പഴമഠം | 19.4.21 | 18.6.21 |
| 3 | സുധീന്ദ്രൻ | 19.4.21 | 18.6.21 |
| 4 | ശ്രീദേവി | 23.4.21 | 30.6.21 |
| 5 | ഹിഷാം ഹിഷാം മൻസിൽ | 26.4.21 | 3.8.21 |
| 6 | ഷീന എം ആർ ബിസ്മില്ലാ മൻസിൽ | 6.5.21 | 23.7.21 |
| 7 | സലിം സുബീന മൻസിൽ | 7.7.21 | 4.10.21 |
| 8 | സത്യ ഭാമ അമ്മ ചെറു വീട് | 5.7.21 | 13.12.21 |
| 9 | രാജേന്ദ്രൻ നായർ മേലോട്ട് വീട് | 6.8.21 | 26.11.21 |
| 10 | രാജേന്ദ്രൻ ശ്രീവാസ് | 4.8.21 | 26.11.21 |
| 11 | അയ്യപ്പൻ പിള്ള പത്മസദനം | 4.8.21 | 12.11.21 |
| 12 | റഹീം ഷാഹിൻ കോട്ടേജ് | 8.9.21 | 15.3.22 |
| 13 | റീജ | 17.9.21 | 2.11.21 |
| 14 | ദേവരാജൻ ചിന്നൂസ് | 7.10.21 | 8.2.22 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (29/18.01.2023) അപേക്ഷയിൽ അപാകതകൾ ഉള്ളപ്പോഴും അസിസ്റ്റന്റ് എൻജിനീയർ സ്ഥലപരിശോധനയിൽ അപാകതകൾ രേഖപ്പെടുത്തുമ്പോഴും ആയത് പരിഹരിച്ച് രേഖകൾ അപേക്ഷകൻ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പെർമിറ്റ് അനുവദിക്കുന്നതിന് കഴിയുകയുള്ളൂ എന്നുമാണ് മറുപടിയായി അറിയിച്ചിരിക്കുന്നത്. പെർമിറ്റ് അപേക്ഷകളിൻമേൽ നിശ്ചിത സമയപരിധിക്കകം നടപടി സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ലൈസൻസ് നൽകൽ - അപാകതകൾ

1)സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന കെട്ടിടങ്ങളിൽ ഓഡിറ്റോറിയം/ ഹാൾ പ്രവർത്തിക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | സ്ഥാപനം |
|---|---|---|
| 1 | 4/502 | Smitha Auditorium |
| 2 | 6/149 | RAS Auditorium |
| 3 | 8/169/D | S.R Residency |

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

2)അപേക്ഷകൾ പൂർണമല്ല .

2017-ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത്‌രാജ് ആക്ട് വകുപ്പ് 232-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017-ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത്‌രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉല്പാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ കൃത്യമായി അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ, യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളുടെ കാര്യത്തിൽ, ഉപയോഗിക്കുന്ന യന്ത്രങ്ങളുടെ കുതിരശക്തി അപേക്ഷകളിലോ അന്വേഷണ റിപ്പോർട്ടിലോ രേഖപ്പെടുത്തുന്നില്ല. മെഷീൻ ഫീസ് നിർണയിച്ചതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഉദാഹരണം- എ.വി.ക്വാറി, എ.വി.ക്രഷർ, അബ്ദുൾ നാസർ ക്വാറി, ക്വാറി ഓഫ് ആദർശ് എസ് ബാബു, ആരാമം റോക്ക് ക്വാറി.

3) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എ.വി.ക്വാറി, അബ്ദുൾ നാസർ ക്വാറി, ക്വാറി ഓഫ് ആദർശ് എസ് ബാബു, ആരാമം റോക്ക് ക്വാറി. എന്നീ സ്ഥാപനങ്ങൾ ലഭ്യമാക്കിയ പാരിസ്ഥിതികാനുമതി ഉത്തരവ് പ്രകാരം ലൈസൻസ് കാലയളവിൽ (ഉത്തരവ് തീയതി മുതൽ 5 വർഷം) സി.എസ്.ആർ (Corporate Social Responsibility) പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തണമെന്നതായിരുന്നു പരിസ്ഥിതി ക്ലിയറൻസ് നൽകുന്നതിനുള്ള ഒരു നിബന്ധന. ഖനന പ്രവർത്തനം മൂലം ഉണ്ടാകുന്ന വലിയ ഗർത്തങ്ങൾ പരിസ്ഥിതിക്ക് ദോഷമുണ്ടാകാത്ത വിധം നികത്തേണ്ടതാണെന്നും മൈനിംഗിനുശേഷം ചുറ്റുപാടുകൾക്കനുസൃതമായ തനതായ സസ്യജാലങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണെന്നും നിബന്ധനകളിലുണ്ട്.

മേൽ സ്ഥാപനങ്ങൾ സാമൂഹ്യ പ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ വിശദാംശം, മോണിറ്റർ ചെയ്തതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല.

4)വളർത്തു നായകളുടെ ലൈസൻസ് - നടപടികൾ അനിവാര്യം

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. ലഭ്യമാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ 1129 വളർത്തുനായകളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, 2021-22 വർഷം 9 നായകൾക്കാണ് ലൈസൻസ് നൽകിയിരിക്കുന്നത് .വളർത്തു നായകൾക്കുള്ള ലൈസൻസ് രജിസ്റ്റർ കാലികമാക്കുന്നതിനും വാക്സിനേഷൻ നൽകിയ വളർത്തുനായകളുടെ വിവരം വെറ്റിനറി ആശുപത്രിയിൽ നിന്നും ശേഖരിച്ച് വളർത്ത് നായകൾക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (28/18.01.2023) ഓഡിറ്റോറിയങ്ങളിൽ നിന്നും സ്ഥാപനനികുതി ഈടാക്കുന്നുണ്ടെന്നും

ലൈസൻസിനുള്ള അപേക്ഷകളിൽ കൃത്യമായി പരിശോധിച്ച രേഖപ്പെടുത്തുകയും ക്വാറി ഉടമകളിൽ നിന്നും സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ വാങ്ങി മോണിറ്റർ ചെയ്തതിനുശേഷം ലൈസൻസ് നൽകുകയുള്ളൂ എന്നും ലൈസൻസ് എടുക്കുന്നതിന് വെറ്റിനറി ആശുപത്രി വഴി വീണ്ടും നിർദേശം നൽകുന്നതിന് നടപടി സ്വീകരിക്കാമെന്നും അറിയിച്ചിരിക്കുന്നു. അപാകതകൾ പരിഹരിക്കേണ്ടതും തുടർ നടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് എഫ് ടി ഇ ഒ എസ് ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ലൈസൻസ് ഇല്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നില്ല വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ലിസ്റ്റിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| II | 29 | 17 |
| III | 5 | 3 |
| IV | 19 | 9 |
| V | 50 | 30 |
| VI | 159 | 96 |
| VII | 180 | 102 |
| VIII | 76 | 40 |
| IX | 139 | 73 |
| X | 38 | 14 |
| XI | 104 | 57 |
| XII | 21 | 13 |
| XIII | 12 | 5 |
| XIV | 26 | 14 |
| XV | 26 | 14 |
| XVI | 11 | 7 |

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 2021- 22 വർഷം ലൈസൻസ് പുതുക്കാത്ത മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ചിട്ടുണ്ട് എന്നും എന്നാൽ കോവിഡ് 19 കാരണം പല സ്ഥാപനങ്ങളും അടച്ചതിനാലും തുടർന്ന് പ്രവർത്തനമാരംഭിക്കാത്തതിനാലും ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ കുറവുണ്ടായതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നം31/18.01.2023) മറുപടിയായി അറിയിച്ചിരിക്കുന്നു

നിയമാനുസൃത ഫീസ് ഈടാക്കി ലൈസൻസ് അനുവദിക്കേണ്ടതും ലൈസൻസില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 1-14 പാലിയേറ്റീവ് കെയർ പദ്ധതിയിലെ അപാകങ്ങൾ

പദ്ധതി നമ്പർ / പേര് : 16/ പാലിയേറ്റീവ് കെയർ

അടങ്കൽ :1000000, വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം.

ചെലവ് : 1000000, വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം.

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ പി എച്ച് സി

ബിൽ നം : 1/2021-22, 37430/- രൂപ

4/2021-22, 465640/- രൂപ

A) പാലിയേറ്റീവ് കെയറിന്റെ ഫീൽഡ് തല പ്രവർത്തനങ്ങൾക്കായി വാഹനം വാടകയ്ക്കെടുക്കുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നതായറിയിച്ചുള്ള നോട്ടീസ് 03.04.2021ാം തീയതിയാണ് ഇറക്കിയത്. ക്വട്ടേഷനുകൾ ലഭിച്ചത് 15.04.2021-ാം തീയതിയിലാണ്. ടി ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ശ്രീ രാധാകൃഷ്ണൻ നായർക്ക് ക്വട്ടേഷൻ തീർപ്പുകല്പിച്ച ഉത്തരവിറക്കിയത് 19.04.2021-ാം തീയതിയിലാണ്. ടിയാൻ കരാറുടമ്പടി വെച്ചിരിക്കുന്നത് 27.12.2021 ലാണ്. എന്നാൽ ബിൽ നമ്പർ 1/ 2021-22 പ്രകാരം 37430/- രൂപ മാറിയതിൽ 01.04.2021, 05.04.2021, 13.04.2021, 14.04.2021, 15.04.2021 , 16.04.2021 , 17.04.2021 , 19.04.2021 എന്നീ ദിവസങ്ങളിൽ ശ്രീ രാധാകൃഷ്ണൻ നായർക്ക് 1200/- രൂപ വീതം കൊടുത്തിട്ടുണ്ട്. ആയതിനുള്ള വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 26 ന് മറുപടി ലഭ്യമാക്കിയില്ല.

B) ബിൽ നമ്പർ 4പ്രകാരം IHDB യിൽ നിന്നും 465640(372936( ബിൽ നം 7426@N/2021/6 Dtd 17.06.2021)+92704 (ബിൽ നം 7427@N/2021/6 Dtd 17.06.2021) രൂപയ്ക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. ടി മരുന്നുകൾ വാങ്ങുന്നതിനുള്ള NAC, Indent എന്നിവ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറി 26 ന് മറുപടി ലഭ്യമാക്കിയില്ല. ഇൻഡന്റ് ലഭ്യമാകാത്തതിനാൽ ആവശ്യമായ മരുന്നുകൾ തന്നെയാണോ വാങ്ങിയിട്ടുള്ളതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഔഷധി കരാർ തീയതി കഴിഞ്ഞ് വൈകി മരുന്നുകൾ വിതരണം ചെയ്തു

വിവിധ ആവശ്യങ്ങൾക്കായുള്ള മരുന്നുകൾ വാങ്ങുന്നതിനായി ഔഷധിയുമായി കരാർ ചമച്ചിട്ടുണ്ട്. ആയതിൻ പ്രകാരം പണം കൈമാറി 60 ദിവസത്തിനകം ഔഷധി മരുന്ന് നല്കേണ്ടതാണ്. എന്നാൽ കരാറിന് വിരുദ്ധമായി ചെയ്തിരിക്കുന്നു. വിശദാംശങ്ങൾ താഴെ.

പദ്ധതി നമ്പർ : 75

പദ്ധതിയുടെ പേര്: വൃദ്ധ ജന പരിപാലനം

അടങ്കൽ തുക: 4,00,000/-

ചെലവ് തുക: 4,00,000/-

ഫണ്ടിനം : വികസന ഫണ്ട്

ബിൽ നം/തീയതി: 2/2021-22/17.09.2021

4,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴവൻ വിലയായ 4,00,000/- രൂപ 17.09.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം 25.07.2022 തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. മരുന്നുകളുടെ വില നൽകിയിട്ടും 10 മാസം കഴിഞ്ഞാണ് മരുന്ന വിതരണക്കാരായ ഔഷധി മരുന്നുകൾ വിതരണം ചെയ്തത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90238771, 30.12.2021 | 40,354/- | 19.01.2022 |
| 02 | 90248457, 26.02.2022 | 11,498/- | 22.03.2022 |
| 03 | 90250975, 19.03.2022 | 2,667/- | 22.03.2022 |
| 04 | 90243103, 29.01.2022 | 10,155/- | 22.03.2022 |
| 05 | 90234935, 30.11.2021 | 1,15,084/- | 08.12.2021 |
| 06 | 90256106, 14.05.2022 | 12,211/- | 16.05.2022 |
| 07 | 90263524, 25.07.2022 | 2,176/- | 15.07.2022 |
| 08 | 90262122, 28.06.2022 | 7,683/- | 25.07.2022 |
| 09 | 90230143, 30.10.2021 | 1,98,172/- | 04.11.2021 |
| | ആകെ | 3,99,997/- | |

പദ്ധതി നമ്പർ: 73

പദ്ധതിയുടെ പേര്: ആയൂർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 12,00,000

ചെലവ് തുക: 12,00,000

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 1/2021-'22, 17.09.2021, 12,00,000/-

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴുവൻ വിലയും 17.09.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും ചുവടെ വിവരിക്കും പ്രകാരം 15.07.2022 തീയതിയിലാണ് മരുന്നു വിതരണക്കാരായ ഔഷധി മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്.

| ക്രമ നമ്പർ | ബിൽ നമ്പർ, തീയതി | തുക | മരുന്നുകൾ ലഭ്യമായ തീയതി |
|---|---|---|---|
| 01 | 90230316,30.10.2021 | 3,10,077/- | 04.11.2021 |
| 02 | 90234933, 30.11.2021 | 3,26,324/- | 16.12.2021 |
| 03 | 90238776, 30.12.2021 | 2,25,184/- | 19.01.2022 |
| 04 | 90245027, 03.02.2022 | 31,210/- | 22.03.2022 |
| 05 | 90248466, 26.02.2022 | 51,671/- | 22.03.2022 |
| 06 | 90250973, 19.03.2022 | 3,698/- | 22.03.2022 |
| 07 | 90256105, 14.05.2022 | 66,225/- | 16.05.2022 |
| 08 | 90252975, 30.03.2022 | 970/- | 16.05.2022 |
| 09 | 90262163, 28.06.2022 | 1,15,727/- | 15.07.2022 |
| 10 | 90263534, 05.07.2022 | 10,878/- | 15.07.2022 |
| 11 | 90243099,29.01.2022 | 49,187/- | 22.03.2022 |
| 12 | 90260874,15.06.2022 | 8,848/- | 17.06.2022 |
| | ആകെ | 11,99,999/- | |

നിർവ്വഹണ ഉദ്യോഗസ്ഥനും, മരുന്നു വിതരണക്കാരുമായുള്ള കരാറിന്റെ ഒന്നാം നിബന്ധന പ്രകാരം മരുന്നുകളുടെ വില നൽകി 60 ദിവസത്തിനകം മരുന്നുകൾ പൂർണ്ണമായും വിതരണം ചെയ്യുമെന്നായിരുന്നു. കരാർ വ്യവസ്ഥ പാലിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് വിതരണക്കാരായ ഔഷധിയുടെ ഇൻവോയ്സിൽ വന്ന പിഴവായിട്ടാണ് മറുപടി നൽകിയത്. എന്നാൽ ഇതിനെ സാധൂകരിക്കുന്ന ഒരു രേഖയും ഫയലിൽ ഉണ്ടായിരുന്നില്ല. ഭാവിയിൽ മരുന്ന് വിതരണം കാലതാമസം ഉണ്ടാകാതെ ശ്രദ്ധിക്കുമെന്ന് ഔഷധി അറിയിച്ചിട്ടുണ്ട്.

പദ്ധതി നമ്പർ: 75
പദ്ധതിയുടെ പേര്: വൃദ്ധജന പരിപാലനം
അടങ്കൽ തുക: 4,00,000
ചെലവ് തുക: 4,00,000
ഫണ്ടിനം: വികസന ഫണ്ട്
ബിൽ നമ്പർ, തീയതി: 2/2021-'22, 17.09.2021, 4,00,000/-

## 1-16 ഔഷധം കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തു.

പദ്ധതി നമ്പർ: 73
പദ്ധതിയുടെ പേര്: ആയുർവ്വേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക: 12,00,000
ചെലവ് തുക: 12,00,000
ഫണ്ടിനം: മെയിന്റനസ് ഫണ്ട്
ബിൽ നമ്പർ, തീയതി: 1/2021-'22, 17.09.2021, 12,00,000/-

| ക്രമ നമ്പർ | ഔഷധങ്ങൾ | ബിൽ നമ്പർ, തീയതി, തുക | കാലഹരണ തീയതി | ഔഷധങ്ങൾ വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 01 | വിദര്യാദി ലേഹ്യം | 90230316, 30.10.2021, | 06/2022 | 15.09.2022 |

| | | | | |
|---|---|---|---|---|
| | | 3,10,077/- | | |
| 02 | ജാത്യാദിഘൃതം | 90230316, 30.10.2021, 3,10,077/- | 08/2022 | 15.09.2022 |

മുകളിൽ വിവരിച്ച പ്രകാരം ഔഷധങ്ങൾ കാലഹരണ തീയതിക്ക് ശേഷവും വിതരണം ചെയ്തിട്ടുണ്ട്. കാലഹരണ തീയതിയ്ക്ക് ശേഷം പ്രസ്തുത ഔഷധങ്ങൾ ഉപയോഗിക്കാൻ പാടുള്ളതല്ല. പൊതുജനാരോഗ്യത്തിന് ഹാനികരമായേക്കാവുന്ന തരത്തിലുള്ള ഇത്തരം നടപടികൾ അതീവ ഗുരുതര അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ അധികാരികളുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതും തുടർ നടപടികൾ അടിയന്തിരമായി അറിയിക്കേണ്ടതുമാണ്.

## 1-17 ഹോമിയോ മരുന്നുകൾ വൈകി വിതരണം ചെയ്തു.

പദ്ധതി നമ്പർ: 74

പദ്ധതിയുടെ പേര്: ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ തുക: 2,00,000/-

ചെലവ് തുക: 2,00,000/-

ഫണ്ടിനം: മെയിന്റനൻസ് ഫണ്ട്

ബിൽ നമ്പർ, തീയതി: 3/2021-22, 04.12.2021, 2,00,000/-

| ക്രമ നമ്പർ | ഹോംകോയുടെ ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 01 | എൽ. എഫ്. 2882, 31.03.2022 | 74,435/- |
| 02 | എൽ. എഫ്. 1048, 17.11.2022 | 1,25,565/- |
| | ആകെ | 2,00,000/- |

മേൽ പദ്ധതി പ്രകാരം മരുന്നുകളുടെ മുഴുവൻ വിലയായ 2,00,000/- രൂപ 04.12.2021 തീയതിയിൽ നൽകിയിരുന്നുവെങ്കിലും 17.11.2022 തീയതിയിലാണ് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിരിക്കുന്നത്. മരുന്നുകളുടെ വില നൽകിയിട്ടും 11 മാസങ്ങൾ കഴിഞ്ഞ് മരുന്നുകൾ വിതരണം ചെയ്തത്.

പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനും മരുന്ന് വിതരണക്കാരും തമ്മിലുള്ള കരാർ ഇല്ല. മുൻകൂറായി തുക നൽകുമ്പോൾ കൃത്യമായി വ്യവസ്ഥകളോടെ കരാർ ചമയ്ക്കുവാനും മരുന്നുകൾ ലഭ്യമാക്കുവാനും അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 അങ്കണവാടികളുടെ ഭൌതിക സാഹചര്യം- അവലോകനം

ഗ്രാമപഞ്ചായത്ത് പരിധിയിൽ 24 അങ്കണവാടികളാണുള്ളത്. 02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017 /തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2, 3.4.3 എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങൾ അങ്കണവാടികളിൽ ഒരുക്കേണ്ടതാണ്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 13/12.01.2023 ന്റെ മറുപടി ചുവടെ ചേർക്കുന്നു .

| ക്രമ നമ്പർ | ഭൗതിക സാഹചര്യം | അങ്കണവാടികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1 | ചുറ്റുമതിൽ ഇല്ലാത്തവ | 4 | |
| 2 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 23 | |
| 3 | റോഡിന് സമീപത്ത് അല്ലാത്തവ | 4 | |
| 4 | കളിസ്ഥലം ഇല്ലാത്തവ | 9 | |
| 5 | മൂന്നു മുറിയെങ്കിലും ഇല്ലാത്തവ | 3 | |
| 6 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 22 | |
| 7 | പ്രഥമ ശുശ്രൂഷ കിറ്റ്, മരുന്നു കിറ്റ് എന്നിവ ഇല്ലാത്തവ | 24 | |
| 8 | ആവശ്യമായ പാത്രങ്ങൾ ഇല്ലാത്തവ | 1 | പള്ളിവിള |
| 9 | കുടിവെള്ള സൌകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 3 | വലിയകട്ടയ്ക്കാൽ, കൃഷ്ണപുരം , വണ്ടിപ്പുര |

അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 ബഡ്സ് സ്കൂൾ നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ല.

മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നീ സേവനങ്ങൾ നൽകുന്ന ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട ബഡ്സ് റിഹാബിലിറ്റേഷൻ മാർഗ്ഗരേഖ ഉത്തരവ് നമ്പർ 144/ 2013 തസ്വഭവ തീയതി. 6.4.2013 ലെ ഖണ്ഡിക 14 പ്രകാരം ദേശീയ വികലാംഗ ജനനിയമമനസരിച്ചുള്ള അംഗീകാരം സ്ഥാപനം ആരംഭിച്ച് ആറുമാസത്തിനകം നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിച്ച് സാമൂഹ്യ ക്ഷേമ ഡയറക്ടറേറ്റിൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ ബി.ആർ.സി കതിർ എന്ന സ്ഥാപനത്തിന് നാളിതുവരെ അംഗീകാരം ലഭിച്ചിട്ടില്ല. 1998 ൽ പ്രവർത്തനമാരംഭിച്ച ബഡ്സ് സ്കൂൾ 33 കുട്ടികളോടെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. അംഗീകാരം സംബന്ധിച്ച രേഖകൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (21/16.01.2023) സ്ഥാപനത്തിന്റെ അംഗീകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും ഉടനെ വാങ്ങിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ബഡ്സ് റിഹാബിലിറ്റേഷൻ സെൻറർ തദ്ദേശസ്ഥാപനത്തിന്റെ കീഴിൽ നല്ല നിലവാരത്തോടെ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-20 ജനകീയ ഹോട്ടൽ - വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിൽ എടുത്തിട്ടില്ല. ചെലവുതുക100000/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം: 68/21-22

ബിൽ.നം/തീയതി: 10/10.06.21

ചെലവ് തുക: 153346/-

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിശപ്പ് രഹിത കേരളം - ജനകീയ ഹോട്ടൽ എന്ന പദ്ധതിയുടെ ഭാഗമായി ജനകീയ ഹോട്ടലിന് പ്രവർത്തിക്കുന്നതിനാവശ്യമായ സാധനങ്ങൾ 100000/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് . ആയത് സ്റ്റോക്കിൽ എടുത്ത് വിതരണം ചെയ്തതായി കാണുന്നില്ല.

നിർവഹണ ഉദ്യോഗസ്ഥൻ സ്റ്റോക്ക് സ്വീകരിച്ച് ബില്ലിന്റെ ഓഫീസ് പകർപ്പിൽ പുതിയവ സ്റ്റോക്കിലെടുത്തിട്ടുണ്ടെന്ന് സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/12.01.2023) വിശപ്പ് രഹിത കേരളം ജനകീയ ഹോട്ടൽ പദ്ധതി കേരള സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതി ആയതിനാലും അടിയന്തരമായി നടപ്പിലാക്കിയതിനാലും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കുന്നതിന് സാധിച്ചിട്ടില്ലായെന്നും അടുത്ത പ്രാദേശിക പരിശോധനയ്ക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു. ചെലവുതുകയായ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 ദുരിതാശ്വാസനിധി പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതും അത് ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസ നിധി എന്ന് അറിയപ്പെടുന്നതുമാണ്.

നെല്ലനാട് ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും തൻവർഷം ഒരാൾക്ക് മാത്രമാണ് സഹായം അനുവദിച്ചു കാണുന്നത്. ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 30.12.22ൽ 11,854/-രൂ നീക്കിയിരിപ്പുണ്ട്. ഈയിനത്തിലെ വരവ് വർദ്ധിപ്പിച്ച് കൂടുതൽ ആളുകൾക്ക് സഹായമാകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 1-22 ബയോ ഫ്ലോക് മത്സ്യ കൃഷി- പദ്ധതി ലക്ഷ്യം കണ്ടില്ല.

പദ്ധതി നമ്പർ:56
പദ്ധതിയുടെ പേര്: ബയോ ഫ്ലോക് മത്സ്യ കൃഷി
അടങ്കൽ തുക:5,52,000/-
ചെലവ് തുക:95,430/-
ഫണ്ടിനം:വികസന ഫണ്ട്
ബിൽ നമ്പർ, തീയതി:1/2021-'22, 14.02.2022

ജലലഭ്യത കുറവുള്ള സ്ഥലങ്ങളിലും കുളങ്ങൾ ഇല്ലാതെയും മത്സ്യകൃഷി ചെയ്യാവുന്ന നൂതന കൃഷി രീതിയാണ് ബയോ ഫ്ലോക് മത്സ്യ കൃഷി. ജലത്തിലെ അമോണിയയെ നിയന്ത്രിച്ച് മത്സ്യത്തിനാവശ്യമായ സൂക്ഷ്മ ജീവികൾ അടങ്ങുന്ന ആഹാരം ടാങ്കിൽ തന്നെ ഉൽപ്പാദിപ്പിച്ച് മത്സ്യം വളർത്തുന്ന രീതിയാണിത്.

മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പ്രസ്തുത പ്രോജക്ടിന്റെ അടങ്കൽ തുകയിൽ 11% മാത്രമാണ് വിനിയോഗിക്കപ്പെട്ടിട്ടുള്ളത്. അന്തിമപട്ടിക തയ്യാറാക്കിയപ്പോൾ 18 പേരുണ്ടായിരുന്നെങ്കിലും 4 ഗുണഭോക്താക്കൾ മാത്രമാണ് പദ്ധതിയുടെ നടത്തിപ്പ് മനസ്സിലാക്കി നിർവ്വഹണം പൂർത്തീകരിച്ചിട്ടുള്ളൂ എന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.3)യ്ക്ക് മറുപടി നൽകിയത്. വളരെയധികം സാങ്കേതിക പരിജ്ഞാനവും അറിവുമുള്ള ഒരു ഗുണഭോക്താവിനു മാത്രമേ വെള്ളത്തിന്റെ ഗുണനിലവാരം കൃത്യമായി മോണിട്ടർ ചെയ്ത് പദ്ധതി മുന്നോട്ട് കൊണ്ടു പോകാനാകൂ എന്ന് നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇക്കാരണത്താൽ ഗുണഭോക്താക്കളെ കിട്ടാൻ പ്രയാസമാണെന്നും അറിയിച്ചിട്ടുണ്ട്.

ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്താതെ പദ്ധതിരൂപീകരണം നടത്തുന്നതിലുള്ള ഭവിഷ്യത്തായി ടി പദ്ധതി നിർവ്വഹണത്തെ ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയോട് താല്പര്യം പ്രകടിപ്പിച്ച് ലിസ്റ്റിലുൾപ്പെട്ട വ്യക്തികൾക്ക് പ്രസ്തുത വിഷയത്തിൽ ഒരു പരിശീലന പദ്ധതി പ്രോജക്ട് വിഭാവനം ചെയ്യുന്നില്ല.

പഞ്ചായത്തു നിവാസികൾക്ക് ആവശ്യമുള്ളതും ജനോപകാരപ്രദവുമായ പദ്ധതികൾ മാത്രം ഏറ്റെടുക്കുന്നതിനും തദ്വാരാ പദ്ധതിപ്പണം പാഴായിപ്പോകുന്നത് ഒഴിവാക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-23 നിക്ഷേപപ്രവൃത്തികൾക്ക് കരാർ - മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

13ാം പദ്ധതി മാർഗരേഖയിലെ ഖ 8.3(17)ൽ ഒരു നിർമ്മാണപ്രവൃത്തിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം ഗ്രാമപഞ്ചായത്തിന് നൽകേണ്ടതും ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്. നിക്ഷേപപ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർപ്രവർത്തനങ്ങൾ സെക്രട്ടറി സ്വീകരിക്കേണ്ടതുണ്ട്. സ.ഉ(കൈ) 11/2018 തീ: 29.01.18 പ്രകാരം പ്രവൃത്തികളുടെ നിർവ്വഹണപുരോഗതി DPC പ്രതിമാസം വിലയിരുത്തി ഏജൻസികൾക്ക് നിർദ്ദേശം നൽകേണ്ടതുണ്ട്. കേരള പഞ്ചായത്ത്(കരാർ) രാജ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരവും നിർവ്വഹണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിൽ വാട്ടർ അതോറിറ്റി, വൈദ്യുതി ബോർഡ് എന്നീ ഏജൻസികൾക്ക് വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി നിക്ഷേപത്തുകകൾ കൈമാറിയിട്ടുണ്ട് വൈദ്യുതി ബോർഡുമായി കരാറൊന്നും വെച്ചിട്ടില്ല. വാട്ടർ അതോറിറ്റിയുമായി കരാർ വെച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി എന്നു തുടങ്ങുമെന്നോ എന്ന് പൂർത്തീകരിക്കുമെന്നോ ഉള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച എൻക്വയറിക്ക് (നം:12) മറുപടിയായി തുടർ പ്രവൃത്തികളിൽ ടി അപാകത ഒഴിവാക്കാം എന്നാണ് അറിയിച്ചിട്ടുള്ളത്. നിലവിലുള്ള ചട്ടങ്ങളും സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെയുള്ള പദ്ധതിനിർവ്വഹണം ആശാസ്യമല്ല. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 എസ്റ്റിമേറ്റുകൾ വ്യാപകമായി റിവൈസ് ചെയ്യുന്നു.

തൻവർഷം അംഗീകാരം ലഭിച്ച സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെയുള്ള പ്രവൃത്തികളിൽ പലതും റിവൈസ് ചെയ്തിട്ടുള്ളതായി കാണുന്നു. 2021-22ൽ ആകെ 44 പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്. വിവിധ കമ്മിറ്റി തീരുമാനങ്ങൾ പ്രകാരം ഇതിൽ പകുതിയിലധികം പദ്ധതികൾ റിവൈസ് ചെയ്തിട്ടുണ്ട്. സൈറ്റ് കണ്ടിഷൻ മനസിലാക്കാതെയും ആവശ്യകത നിർണ്ണയിക്കാതെയുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് ഇത് സൂചിപ്പിക്കുന്നു. തൻമൂലം പല എസ്റ്റിമേറ്റുകളിലും വ്യാപകമായ വ്യതിയാനം വരുത്തേണ്ടി വരുന്നു. ചില ഇനം പ്രവൃത്തികൾ ഒഴിവാക്കപ്പെടുകയും ആദ്യ എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ശരിയായ ആവശ്യകത നിർണ്ണയിക്കാതെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് എന്ന് വ്യക്തമാകുന്നു. ഇത് GO(P)13/2012 PWD തീ: 01.02.2012 പ്രകാരമുള്ള 2012 ലെ റിവൈസ്ഡ് പി.ഡബ്ല്യു.ഡി മാന്വലിലെ നിർദ്ദേശങ്ങൾക്ക് എതിരാണ്.

ശരിയായ പഠനം നടത്താതെയും ആവശ്യകത മനസിലാക്കാതെയുമുള്ള മരാമത്ത് പദ്ധതികളുടെ രൂപീകരണം പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആയതിന്റെ ചുമതല നിർവഹിക്കുന്നില്ലാ എന്നതിന്റെ ഉദാഹരണമാണ്.ശരിയായ സൈറ്റ് കണ്ടിഷൻ മനസിലാക്കിയും ആവശ്യകത നിർണ്ണയിച്ചും പദ്ധതികൾ രൂപീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡേറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 18.07.2013 ലെ സർക്കാർ ഉത്തരവ്

ജി.ഒ.(എം.എസ്)255/2013 ത.സ്വ.ഭ.വ. മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ 06.01.2012ലെ ജി.ഒ.(ആർ.ടി.)59/2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്ന മറുപടിയാണ് എൻക്വയറിക്ക്(നം. 9) നൽകിയത്. R Track സോഫ്റ്റ് വെയർ മുഖേന റോഡുകൾ മാപ്പ് ചെയ്യുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-26 വിദ്യാവെളിച്ചം പദ്ധതി ലക്ഷ്യം കണ്ടില്ല - 314404/-രൂ പാഴ്ച്ചെലവ്

നിർവ്വഹണോദ്യോഗസ്ഥ : ഹെഡ്മിസ്ട്രസ്സ്
പ്രോജക്റ്റ് നമ്പർ , പേര് -214, വിദ്യാവെളിച്ചം പദ്ധതി.

അടങ്കൽ : 800000/-രൂപ

ചെലവ് : 314404/-രൂപ

ബിൽ നം /തീയതി : 364/26.3.22 – 293404/-രൂപ (SCP ഫണ്ട്)

ചെക്ക് നം : 55183/31.3.22 – 21000/-രൂ (തനതുഫണ്ട്)

കോവിഡ് കാലത്തെ ഓൺലൈൻ പഠനത്തിൽ ഒട്ടും പങ്കെടുക്കാത്തതോ കാര്യമായി പങ്കെടുക്കാത്തതോ ആയ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾ അടിസ്ഥാനഭാഷ, ഗണിതശാസ്ത്രശേഷികളിൽ പിന്നോട്ട് പോകുന്നത് ഒഴിവാക്കാൻ ലക്ഷ്യമിട്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ ഭാഗമായി 25 മേശയും 200 കസേരകളും സ്റ്റീൽ മഗ്,പാത്രം എന്നിവ 400എണ്ണം വീതവും SCP ഫണ്ട് ചെലവഴിച്ച് വാങ്ങിയിട്ടുണ്ട്. ഇവയൊന്നും സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതായി രേഖയില്ല.

2) വിവിധ അങ്കണവാടികൾ, സാംസ്കാരികനിലയങ്ങൾ, കീഴായിക്കോണം ഗ്രന്ഥശാല എന്നിവിടങ്ങളിലേക്ക് പ്രസ്തുത ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്നാണ് എൻക്വയറിക്ക്(നം :5) മറുപടി നൽകിയിട്ടുള്ളത്. സെന്ററുകൾ സജ്ജമാകാത്തതുകൊണ്ട് മേശ 17 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളതെന്നും ശേഷിച്ചവ സ്കൂളിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. ടി സാംസ്കാരിക നിലയങ്ങളും ഗ്രന്ഥശാലയും പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളല്ല.

3) ഉപകരണങ്ങൾ കൈപ്പറ്റിയതായുള്ള രസീതുകൾ ഒരു സ്ഥാപനത്തിൽ നിന്നും ലഭിച്ചിട്ടുമില്ല. സ്കൂളിൽ പ്രാദേശികപരിശോധന നടത്തിയതിൽ 11 മേശകൾ ലൈബ്രറിക്കുള്ളിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. ഫർണിച്ചർ എവിടെയൊക്കെ എത്രയെണ്ണം വീതം വിതരണം ചെയ്തു എന്നത് നിർവ്വഹണോദ്യോഗസ്ഥയ്ക്ക് പോലും വ്യക്തമല്ലാത്ത അവസ്ഥയാണ്.

4)പദ്ധതിയിൽ പങ്കെടുക്കാനായി സെലക്ട് ചെയ്യപ്പെട്ടതായി കാണിച്ച് ഹാജരാക്കിയ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾ 48 വിദ്യാർത്ഥികളാണ്. തൻവർഷം ആകെ 11 ദിവസമാണ് ക്ലാസ്സുകൾ നടന്നിട്ടുള്ളത്. വെഞ്ഞാറമ്മൂട് ഗവ: HSSൽ വെച്ച് ടി വിദ്യാലയത്തിലെ തന്നെ പത്താം ക്ലാസ്സുകാർക്കു വേണ്ടി നടന്ന ഈ ക്ലാസ്സുകളിൽ പങ്കെടുത്തത് 20 പേർ മാത്രമാണ് എന്നാണ് ഫയൽ പരിശോധിച്ചതിൽ വ്യക്തമാകുന്നത്. ക്ലാസ്സുകൾ കൈകാര്യം ചെയ്തത് സ്കൂളിലെ അദ്ധ്യാപകർ തന്നെയായിരുന്നു എന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. 20 പേർക്കുള്ള ഭക്ഷണച്ചെലവ് നൽകിയ രേഖകൾ മാത്രമാണ് ഫയലിലുള്ളത്.

5) ഏതൊക്കെ വിഷയങ്ങളിലാണ് ക്ലാസ്സുകൾ സംഘടിപ്പിച്ചതെന്നോ അദ്ധ്യാപകർ /വിദ്യാർത്ഥികളുടെ ഹാജർ വിവരങ്ങളോ ലഭ്യമല്ല. ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് സ്കൂളിലെ അദ്ധ്യാപകർ ക്ലാസ്സെടുക്കുന്നതിന് പഞ്ചായത്ത് ഇത്രയും തുക ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങിയതെന്തിനെന്ന് വ്യക്തമല്ല.

ആവശ്യകത നിശ്ചയിക്കാതെ പദ്ധതികൾ ഏറ്റെടുക്കുന്നതിനാൽ വൻതോതിൽ പൊതുപണം പാഴായിപ്പോകുന്നതിന് പ്രസ്തുത പദ്ധതി ഒരു ഉദാഹരണമാണ്. ഓൺലൈൻ പഠനം അവസാനിക്കുകയും വിദ്യാലയങ്ങളിലെ പഠനരീതി സാധാരണനിലയിലാകുകയും ചെയ്തതിനാൽ തുടർവർഷങ്ങളിലും പദ്ധതിക്ക് ഗുണഭോക്താക്കളുണ്ടാകാൻ സാധ്യതയില്ല. പദ്ധതിക്കായി വാങ്ങിയ ഉപകരണങ്ങൾ പഞ്ചായത്തിന്റെ അധികാരപരിധിയിലുള്ള സ്ഥാപനങ്ങളിൽ എത്തിച്ച് ഉപയോഗപ്രദമാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടി സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി കണക്കാക്കി തടസ്സം ചെയ്യുന്നതാണ്.

## 1-27 നിർവ്വഹണോദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ നിർവ്വഹണോദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ(PHC), കൃഷി ഓഫീസർ, ഹെഡ് മാസ്റ്റർ

എന്നിവരുടെ പേരുകളിൽ പ്രത്യേകം ബാങ്ക് അക്കൗണ്ടുകൾ ഉള്ളതായി കാണുന്നു. കണ്ടിജന്റ് ചെലവുകൾക്കായി അനുവദിക്കപ്പെടുന്ന തുകകൾ മുഴുവൻ ഈ സേവിംഗ്സ് അക്കൗണ്ടുകളിലേക്ക് മാറിയിടുകയാണ് ചെയ്യുന്നത്. പ്രസ്തുത അക്കൗണ്ടുകളുടെ പാസ്സ്ബുക്കുകൾ പരിശോധിച്ചതിൽ ചുവടെപ്പറയും പ്രകാരം നീക്കിയിരിപ്പുമുണ്ട്.

| | അക്കൗണ്ട് നമ്പർ | നിക്കിയിരിപ്പ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | 67070911026 | 19133 |
| കൃഷി ഓഫീസർ | 4033811100326 | 49125 |
| ഹെഡ്മാസ്റ്റർ | 3637384572 | 108 |

സർക്കുലർ നം 1/2021/ധന തീയതി: 04.01.21 പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ സർക്കാരിന്റെ മുൻകൂർ അനുമതി കൂടാതെ ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം. 30) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി അക്കൗണ്ടുകൾ ക്ലോസ് ചെയ്യാനുള്ള നടപടികൾ താമസംവിനാ സ്വീകരിക്കേണ്ടതാണ്.

## 1-28 പ്രൊക്യൂർമെന്റ് കമ്മിറ്റി ചുമതലകൾ നിറവേറ്റുന്നില്ല

സ.ഉ (പി) നം 259/2010/ത.സ്വ.ഭ.വ തീ 08.11.10, 2013ലെ സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക 6.1 എന്നിവ പ്രകാരം വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തികവർഷാരംഭത്തിൽ തന്നെ പ്രൊക്യൂർമെന്റ് കമ്മിറ്റി നടത്തേണ്ടതും ബാധകമായ നടപടിക്രമം അനുസരിച്ച് വാങ്ങേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിലെ പ്രസ്തുത കമ്മിറ്റിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ ഇത്തരത്തിലുള്ളൊരു കണക്കെടുപ്പൊന്നും നടത്തിയിട്ടുള്ളതായി കാണുന്നില്ല.

തൻവർഷത്തെ പദ്ധതിനിർവ്വഹണത്തിനായി കമ്മിറ്റി യോഗം ചേർന്നത് നാലു പ്രാവശ്യം മാത്രമാണ്. എല്ലാ യോഗങ്ങളിലും വിവിധ വാങ്ങലുകൾ ജെം/അക്രഡിറ്റഡ് ഏജൻസികൾ മുഖേന വാങ്ങാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുകയാണുണ്ടായത്. ലാപ് ടോപ്പ്, മോണിട്ടർ, വാഹനം എന്നീ ഇനങ്ങളുടെ വാങ്ങൽ മാത്രമാണ് കമ്മിറ്റി പരിശോധിച്ചിട്ടുള്ളത്. വാങ്ങൽ പദ്ധതിയുടെ തുക നിശ്ചയിക്കുക, അംഗീകാരവും ഫണ്ടുകളും ഉറപ്പാക്കുക, ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കുക, വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരപരിശോധന എന്നിവയെല്ലാം പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ചുമതലകളിൽപ്പെടുന്നവയാണ്.

പഞ്ചായത്തിന്റെ വികസനത്തിന് സഹായകരവും കർമ്മനിരതവുമായ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിലേക്ക് ഭരണസമിതിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു

## 1-29 വിനിയോഗസാക്ഷ്യപത്രം ലഭ്യമല്ല - 4101298/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ വൈദ്യുതപോസ്റ്റ് മാറ്റൽ, പൈപ്പ് ലൈൻ നീട്ടൽ മുതലായ പദ്ധതികൾ പ്രകാരം ബന്ധപ്പെട്ട ഏജൻസികളിൽ ഒടുക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി നം | ബിൽ നം/തീയതി | തുക | ഏജൻസി |
|---|---|---|---|---|
| 1 | 127 | 257/14.2.22<br>258/14.2.22 | 328800/-<br>2122300/- | വാട്ടർ അതോറിറ്റി |
| 2 | 195 | 220/21.1.22<br>288/23.2.22 | 978300/-<br>167600/- | വാട്ടർ അതോറിറ്റി |
| 3 | 131 | 92/22.9.21<br>259/14.2.22 | 82490/-<br>217510/- | വൈദ്യുതി ബോർഡ് |
| 4 | 236 | 277/19.2.22 | 104298/- | വൈദ്യുതി ബോർഡ് |
| 5 | 60 | 62/16.8.21 | 100000/- | ജില്ല പ്ലാനിംഗ് ബോർഡ് |

തുക ഒടുക്കിയതൊഴിച്ചാൽ മറ്റു പ്രവർത്തികൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്നത് വ്യക്തമല്ല. ബോർഡുമായി ഇതു സംബന്ധിച്ച് കത്തിടപാടുകളും നടത്തിക്കാണുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 റോഡ് കണക്റ്റിവിറ്റി പ്ലാൻ, മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.13 പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്റ്റിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. റോഡ് കണക്റ്റിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8) 2022- 23 വർഷത്തിൽ Rtrack മുഖേന റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-31 പഠനമുറി ധനസഹായം - ഗുണഭോക്താവിന്റെ റേഷൻകാർഡിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ആനുകൂല്യം നല്കി.

എസ്. സി വിദ്യാർത്ഥികൾക്കുള്ള പഠനമുറി ധനസഹായത്തിനായി വിസ്മയ , വിഷ്ണു ഭവൻ, പറയരുകോണം എന്ന വിദ്യാർത്ഥിനിയെ ഗുണഭോക്താവായി ഉൾപ്പെടുത്തിയിട്ടുണ്ട്. പ്ലസ് വൺ വിദ്യാർത്ഥിയായ വിസ്മയയുടെ എസ്എസ്എൽസി സർട്ടിഫിക്കറ്റ് പ്രകാരം മാതാവായി സുധർമയുടെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആനുകൂല്യത്തിനായി ഹാജരാക്കിയ റേഷൻ കാർഡിൽ സുധർമയുടെ പേര് ഉൾപ്പെട്ടിട്ടില്ല. റേഷൻ കാർഡ് ഉടമ ശാരദയും ശാരദയുടെ ചെറുമകൾ വിസ്മയയും കാർഡിൽ ഉൾപ്പെടുന്നു. വീടിന്റെ ഉടമസ്ഥാവകാശവും കരാർ മുദ്രപത്രവും ശാരദയുടെ പേരിലാണ്. പണി പൂർത്തിയാക്കി ലഭ്യമാക്കിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിലും വിസ്മയ, കെയർ ഓഫ് ശാരദ , വിഷ്ണു ഭവൻ പറയരുതോണം എന്ന അഡ്രസ്സ് ആണ്. പണി പൂർത്തിയാക്കിയ ഫോട്ടോ ഫയലിൽ ലഭ്യമല്ല. എന്നാൽ ധനസഹായമായി 200000/- രൂപ നല്കിയിരിക്കുന്നത് സുധർമ, പറമ്പിക്കുന്നിൽ, വെള്ളല്ലൂർ തിരുവനന്തപുരം എന്ന വ്യക്തിയുടെ ബാങ്ക് അക്കൌണ്ടിലേക്കാണ് (32280100005011, Indian Overseas Bank). സ.ഉ.(പി)നമ്പർ 22/18 തസ്വ.ഭ.വ. തി 22/18 തി 14.2.18 ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 100 ച.അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മാക്കാവുന്നതാണ്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ സുധർമ്മ എന്ന വ്യക്തി വീടിന്റെ ഉടമയോ ഗുണഭോക്താവ് (വിസ്മയ) ഉൾപ്പെട്ടിട്ടുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ട വ്യക്തിയോ അല്ല. നിലവിൽ പഞ്ചായത്തിന്റെ രേഖകളിൽ വീട് ഇല്ലാത്ത വ്യക്തിക്ക് പഠനമുറിയ്ക്ക് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 27/18.01.2023) മറുപടിയായി വാമനപുരം പട്ടികജാതി വികസന ഓഫീസറുടെ സാക്ഷ്യപത്രത്തിൽ സുധർമ്മ എന്ന വ്യക്തി വിസ്മയയുടെ മാതാവാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചിരിക്കുന്നത്. ശാരദയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പഠനമുറി നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആയത് സുധർമ്മ എന്ന വ്യക്തി കൂടി ഉൾപ്പെട്ട വീടാണോ എന്നതും റേഷൻ കാർഡിൽ പേരില്ലാത്തതിന്റെ നിജസ്ഥിതിയും അർഹതപ്പെട്ട ആൾക്കു തന്നെയാണോ സഹായം ലഭ്യമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതും സഞ്ചയയിൽ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-32 ഹരിതകർമ്മസേനാ തുടർപ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ നടത്തേണ്ടത് ഹരിത കർമ്മസേനയുടെ ആഭിമുഖ്യത്തിലാണ്. ഹരിത കർമ്മ സേന സംരംഭകർ നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുന്നതിനും ഹരിത സംരഭകർക്കുവേണ്ടി സ്വയം ഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ സർക്കാരിതര ഏജൻസികളുമായുള്ള ഏകോപനം, ഹരിത സംരംഭകർക്കുള്ള വിഭവങ്ങളുടെ സമാഹരണം, വൈദഗ്ധ്യ പരിശീലനങ്ങൾ നൽകൽ, പരാതി പരിഹരിക്കൽ, ഹരിത ഉപകരണങ്ങളുടെ സമാഹരണവും വിതരണവും, കമ്മിറ്റി യോഗങ്ങൾ നടത്തൽ, കണക്കുകൾ സൂക്ഷിക്കൽ, സാമ്പത്തിക ഇടപാടുകൾ എന്നിവ ഹരിത കർമ്മ സേനാ കൺസോർഷ്യത്തിന്റെ ചുമതലയിൽപ്പെടുന്നു. അറ്റൻഡൻസ് രജിസ്റ്റർ, മിനിട്ട്സ് ബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതാണ്. ഹരിത കൺസോർഷ്യത്തിന്റെ കണക്കുകൾ കൺസോർഷ്യം സെക്രട്ടറി എഴുതുകയും സമിതിയുടെ പൊതുയോഗത്തിൽ കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. ഇപ്രകാരം ഹരിതകർമ്മസേനാ കൺസോർഷ്യം രൂപീകരിച്ചതിന്റെയും, വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട യൂസർഫീയുടെ നിരക്ക്, ആയത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിന്റെയും വിശദാംശവും ഓഡിറ്റ് എൻക്വയറിയിലൂടെ(23/16.01.2023) ആവശ്യപ്പെട്ടിരുന്നു. ആയതിന് 5.3.20 ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും,സ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുക്കേണ്ട യൂസർഫീയുടെ നിരക്ക് നിശ്ചയിക്കുകയും 30.09.20ന് കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. യൂസർഫീ ഇനത്തിൽ പിരിച്ചെടുത്ത തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നത് ഫ്രണ്ട് ഓഫീസ് വഴി ആയതിനാലും ആദ്യകാലങ്ങളിൽ ഹരിത കർമ്മ സേന പ്രവർത്തനരീതി സംബന്ധിച്ച കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവത്താലും പ്രവർത്തനം സജീവമല്ലായിരുന്നതിനാലും കണക്ക് / രേഖകളുടെ സൂക്ഷിപ്പ് അത്രകണ്ട് കാര്യക്ഷമമായിരുന്നില്ലായെന്നും തുച്ഛമായ തുകയാണ് യൂസർ ഫീ ഇനത്തിൽ പിരിഞ്ഞു കിട്ടിയിരുന്നതെന്നും ആറുമാസം കൂടുമ്പോഴാണ് ₹1000 ,₹2000 എന്ന

ക്രമത്തിൽ അംഗങ്ങൾക്ക് പ്രതിഫലം നൽകി വന്നതെന്നും എൻക്വയറിക്ക് മറുപടിയായി അറിയിച്ചിരിക്കുന്നു. മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഹരിത കർമ്മ സേനാ പ്രവർത്തനം യൂസർ ഫീസ് കളക്ഷനിൽ മാത്രം ഒതുങ്ങുന്നു, 2021-22 വർഷത്തിൽ എല്ലാ വാർഡുകളിൽ നിന്നും കൃത്യമായി യൂസർ ഫീസ് പിരിച്ചിട്ടില്ല. 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ യൂസർ ഫീസ് പിരിച്ചെടുത്തിട്ടില്ല. ഹരിത കർമ്മ കൺസോർഷ്യത്തിന്റെ ക്യാഷ് ബുക്ക് തയ്യാറാക്കിയിട്ടില്ല. 2021-22 വർഷം യൂസർഫീസ് ഇനത്തിൽ പിരിച്ചെടുത്ത തുക, ഹരിത കർമ്മസേനാംഗങ്ങൾക്ക് വിതരണം ചെയ്ത തുക എന്നിവയ്ക്ക് പഞ്ചായത്തിൽ കൃത്യമായി കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ഹരിത കർമ്മസേനാ മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിനും യൂസർ ഫീസ് ഒഴികെയുള്ള സ്രോതസ്സുകളിൽ നിന്നും വരുമാനം കണ്ടെത്തുന്നതിനും സംരംഭകത്വ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും ഹരിത കർമ്മ സേന നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്ലാസ്റ്റിക്ക് മാലിന്യം ശേഖരിക്കലും അനുബന്ധ പ്രവർത്തനങ്ങളും

കേരള പഞ്ചായത്ത് രാജ് നിയമം 166 പട്ടിക 3 പ്രകാരം ശുചിത്വം, മാലിന്യ സംസ്കരണം എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇതിനായി പഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിത കർമ്മസേന വഴി ശേഖരിക്കുകയും മാലിന്യ ശേഖരണ കേന്ദ്രങ്ങളിൽ എത്തിക്കുകയുമാണ് ചെയ്തുവരുന്നത്. 2021-22 സാമ്പത്തിക വർഷം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ എംസിഎഫിൽ നിന്നും ക്ലീൻ കേരളകമ്പനിയായിരുന്നു കൊണ്ടുപോയിരുന്നത്. എന്നാൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ക്ലീൻ കേരള കമ്പനിയുടെ ആഭിമുഖ്യത്തിൽ സമയബന്ധിതമായി നടപ്പിലാക്കുന്നില്ലായെന്നും ആയതിനാൽ മറ്റേതെങ്കിലും സന്നദ്ധരായ ഏജൻസികളുമായി കരാറിൽ ഏർപ്പെട്ട് ജൈവഅജൈവമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും 17.01.2022 ലെ ഭരണ സമിതി 8(1) നമ്പരായി തീരുമാനമെടുത്തിട്ടുണ്ട്. ആയതിനെ തുടർന്ന് കൃഷ്ണ തീരം ടൂറിസം പ്രൈവറ്റ് ലിമിറ്റ് കമ്പനിക്ക് കരാർ നൽകുകയും സാമ്പത്തികവർഷം അവസാനം വരെ ഈ കമ്പനിയുടെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. നിലവിൽ ജൈവഅജൈവമാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്. വെഞ്ഞാറമൂട് പോലെയുള്ള നഗരസഭാ സ്വഭാവമുള്ള പഞ്ചായത്ത് പ്രദേശത്ത് മാലിന്യശേഖരണത്തിനായി കൂടുതൽ സൗകര്യത്തോടുകൂടിയുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ആവശ്യമായിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണം പ്രാരംഭദശയിൽ ആണെന്നും പൂർത്തിയാകുന്ന മുറയ്ക്ക് വർദ്ധിച്ച് വരുന്ന മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുമെന്നും മറുപടി അറിയിച്ചിട്ടുണ്ട് . ഹരിതകർമ്മസേന വഴി ശേഖരിക്കുന്ന ഖരമാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ സംവിധാനവും ഖരമാലിന്യങ്ങളുടെ തുടരുപയോഗവും മുൻ നിർത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാത്തത് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ്. ആയതിലേയ്ക്ക് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-33 സ്റ്റോക്കിലെടുത്ത വെബ് ക്യാമറ ബഡ്സ് സ്കൂളിൽ സ്ഥാപിച്ചിട്ടില്ല.

അസിസ്റ്റൻറ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ സ്മാർട്ട് ക്ലാസ് റൂം , ( പ്രോജക്ട് നം 199/22) പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

1. ARTIS Computer UPS 600VA

2. Viewsonic Interactive Panel IEP6550-3

3. Web Cam

4. Mini PC

ആയത് സ്റ്റോക്കിലെടുത്തതായി സ്റ്റോക്ക് രജിസ്റ്ററിൽ( പേജ് നം 60) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 18.01.2023 ന് നടത്തിയ സ്ഥലപരിശോധനയിൽ വെബ് ക്യാമറ ഒഴിച്ചുള്ള അനുബന്ധ ഉപകരണങ്ങൾ മാത്രമാണ് ബഡ്സ് സ്കൂളിൽ സ്ഥാപിച്ചിരിക്കുന്നത് എന്നാണ് കാണാൻ കഴിഞ്ഞത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (34/18.01.2023) ക്യാമറ പഞ്ചായത്തിൽ തിരികെ ലഭ്യമാക്കിയിട്ടുണ്ടെന്നും ബഡ്സ് സ്കൂളിൽ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് ബഡ്സ് സ്കൂളിന് കൈമാറേണ്ടതും പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം ബഡ്സ് സ്കൂൾ ടീച്ചറിന് നൽകേണ്ടതുമാണ്. മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സാമൂഹിക സുരക്ഷിതത്വവും തൊഴിൽ പരിശീലനവും ഉറപ്പാക്കുന്നതിനുള്ള വേദികളായി ബഡ്സ് സ്കൂളിനെ മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34 തുടർവിദ്യാകേന്ദ്രം പ്രേരകിന്റെ ഓണറേറിയം തനതു ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും തുടർവിദ്യാകേന്ദ്രം പ്രേരക് ശ്രീമതി. അജിതകുമാരി അമ്മയ്ക്ക് ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ഓണറേറിയം ഇനത്തിൽ 16450/- രൂപ (വൗച്ചർ നം 22100182 തീ.29-05-2021) നൽകിയിരിക്കുന്നു. സർക്കാർ ഉത്തരവ് (സാധാ) 626/2021/ത.സ്വ.ഭ.വ തീ.26.02.2021 പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും സാക്ഷരതാ പ്രേരകുമാർക്ക് നൽകിയ തുക സാക്ഷരതാ മിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (36/18.01.2023) നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ലായെന്ന മറുപടിയാണ് നൽകിയത്. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 മഴക്കാലപൂർവ്വ ശുചീകരണം - ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല 240000/-രൂ തടസ്സപ്പെടുത്തുന്നു

മഴക്കാല പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി ജനകീയ ശുചീകരണ പരിപാടി നടപ്പിലാക്കുന്നതിന് വാർഡ് തല ശുചിത്വ ആരോഗ്യ സമിതികൾക്ക് നൽകുന്നതിലേക്കായി 2021-22 സാമ്പത്തിക വർഷം ശുചിത്വ മിഷൻ ഫണ്ടിനത്തിൽ 10000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായ 5000/- രൂപയും ചേർത്ത് ആകെ 16 വാർഡ് തല ശുചിത്വ ആരോഗ്യ സമിതിക്കായി 240000/- രൂപ മെഡിക്കൽ ഓഫീസർ, വാമനപുരം ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിന് നല്കിയിട്ടുണ്ട്.

| ക്രമ. നം | വൗച്ചർ നം | ചെക്ക് നം/തീയതി | തുക |
|---|---|---|---|
| 1 | 22100222 | 45928/14.6.21 | 2,40,000 |

തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/18.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-36 വീട് വാസയോഗ്യമാക്കൽ -ആനുകൂല്യം അനുവദിച്ചതിലെ അപാകതകൾ

14-2-2018-ലെ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ, സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7 പ്രകാരം വീടിന്റെ കാലപ്പഴക്കം 8വർഷം കഴിഞ്ഞിരുന്നാലെ ഭവന പുനരുദ്ധാരണ ആനുകൂല്യം നല്കാൻ കഴിയൂ. എന്നാൽ പഞ്ചായത്തിലെ വീട് വാസയോഗ്യമാക്കൽ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് വീടിന്റെ കാലപ്പഴക്കം 2 വർഷം മുതൽ 6 വർഷം വരെയുള്ളവർക്ക് ( പഞ്ചായത്ത് നല്കിയ Building Age Cerfificate പ്രകാരം) ആനുകൂല്യം നല്കിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | ഗുണഭോക്താവ് | വാർഡ്/ വീട്ടുനമ്പർ | Building Age Cerfificate പ്രകാരം കാലപ്പഴക്കം |
|---|---|---|---|---|
| 1 | 54/22 | അംബിക | 11- 233/A | 5വർഷം |
| 2 | 54/22 | സി.ആർ. ദിവാകരൻ | 10 – 508/ A | 6വർഷം |
| 3 | 49/22 | തിലകൻ | 11- 194/A | 2 വർഷം |

ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (15/12.01.2023) തിലകൻ എന്ന വ്യക്തിയുടെ പേരിൽ ഉടമസ്ഥാവകാശം കൈമാറി കിട്ടിയിട്ട് 2 വർഷം ആയിട്ടുള്ളുവെങ്കിലും കെട്ടിടത്തിന്റെ കാലപ്പഴക്കം 20 വർഷത്തിന് മുകളിലാണെന്നും സി.ആർ. ദിവാകരന് 2011-12 വർത്തിലാണ് ഭവനനിർമ്മാണത്തിന് ആനുകല്യം അനുവദിച്ചതെന്നും അംബികയുടെ വീടിന്റെ ശോചനീയാവസ്ഥ നേരിൽ കണ്ട് ബോധ്യപ്പെട്ടതിനാലാണ് ആനുകൂല്യം നല്കിയതെന്നും അറിയിച്ചിരിക്കുന്നു. ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുന്നതിനാണ് സർക്കാർ സമയാസമയങ്ങളിൽ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുന്നത്. ആയതിന് വിരുദ്ധമായി ആനുകൂല്യം നല്കാതിരിക്കാൻ നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത്

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2399559 | 1022250 | 3421809 | 1022250 | 2399559 |

2021-22 ൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 1. | ലക്ഷം വീട് കോളനി വീട് വാസയോഗ്യമാക്കൽ എസ് സി പി | 20000 |
| 2. | ലൈഫ് ഭവന നിർമാണം എസ് സി 2020-21 | 160000 |
| 3. | ലക്ഷം വീട് കോളനി വീട് വീസയോഗ്യമാക്കൽ ജനറൽ | 80000 |
| 4. | സ്നേഹസ്പർശം | 562250 |
| 5. | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 200000 |
| | ആകെ | 1022250 |

ജില്ലാ പഞ്ചായത്ത്

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് (എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | AFS പ്രകാരമുള്ള നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|---|---|---|
| 0 | 792450 | 792450 | 576200 | 0 | 21620* |

2021-22 ൽ ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭിച്ച തുക

| ക്രമ നം. | പദ്ധതിയുടെ പേര് | തുക |
|---|---|---|
| 4. | സ്നേഹസ്പർശം | 274000 |
| 5. | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 302200 |

| | ആകെ | 576200 |
|---|---|---|

* അപാകത ഖണ്ഡിക 1-2-1 ൽ പരാമർശിച്ചിട്ടുണ്ട്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | മുൻ ബാക്കി | മുൻകൂർ നൽകിയ തുക | | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|---|
| | | പദ്ധതി നം, പദ്ധതിയുടെ പേര് | നൽകിയ തുക | | | |
| കെ.എസ്.ഇ.ബി | | 131, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>236, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 300000<br>123308 | 423308 | | |
| കേരള വാട്ടർ അതോറിറ്റി | | 127, കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>195, പൈപ്പ് ലൈൻ നീട്ടലും ഗാർഹിക കുടിവെള്ള കണക്ഷൻ നൽകലും | 2451100<br>1145900 | 3597000 | 2489272 | |

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | 2020-21 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2021-22 വർഷത്തെ നിക്ഷേപം | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത്+തിരികെ ഒടുക്കിയത് | 2021-22 B-18ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 2745900 | 3597000 | 6342900 | 472564 | 5870336 |
| കെ.എസ്.ഇ.ബി | - | 423308 | 423308 | - | 423308 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC | 23703974 | 880845 | 24584819 | 2537333 | 22047486 |

| | | | | | |
|---|---|---|---|---|---|
| ലോൺ | | | | | |

## 4-5 സ്ഥിര നിക്ഷേപം

പഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | തുക |
|---|---|
| സെൻട്രൽ ബാങ്ക് | 1648790 |

സ്ഥിരനിക്ഷേപങ്ങളുടെ വിശദാംശം ഖ.1.2.1(8)ൽ ചേർത്തിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 54448321 |
| ഓഡിറ്റ് വർഷത്തെ വരവ് | 96891280 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 98646547 |
| നീക്കിയിരിപ്പ് | 52693054 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4441298 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 100000 | ശ്രീ സന്തോഷ് എസ് ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 4101298 | ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി |
| 1-35 | 240000 | ഡോ സജികുമാർ, മെഡിക്കൽ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സന്തോഷ് എസ് ആർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കരവാരം ഗ്രാമപഞ്ചായത്ത് | അദ്വൈതം, അടയമൺ പി.ഒ |
| ശ്രീമതി ബിജി ജോസഫ്, സെക്രട്ടറി | സെക്രട്ടറി, നെല്ലനാട് ഗ്രാമപഞ്ചായത്ത് | കടകംപള്ളിൽ ഹൗസ്, CNRA 137A1, ചാത്തിയോട്, നാലാഞ്ചിറ പി.ഒ |
| ഡോ സജികുമാർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി, വാമനപുരം | കൃഷ്ണകൃപ, TC No 31/205, ചാക്ക, പേട്ട പി.ഒ |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനുള്ള ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.റ്റി.വി.എം ജിപി 13/892/2022 തീയതി 17.10.2022 | 1 (3-5) |
| 2009-10 | | 1 (3-4) |
| 2010-11 | | 4 (3-6(A,B), 3-7(B), 3-8, 3-9 |

| | | |
|---|---|---|
| 2011-12 | | 5 (2-1, 3-3, 3-8, 3-9, 3-12) |
| 2012-13 | | 9 (3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15) |
| 2014-15 | | 5 (3-1, 3-3, 3-4, 3-5, 3-7, 3-10) |
| 2015-16 | | 1 (3-3) |
| 2016-17 | | 10 (2-1, 2-6, 3-2, 3-3, 3-4, 3-9, 3-10, 3-11, 3-15, 3-16) |
| 2017-18 | കെ.എസ്.എ.റ്റി.വി.എം ജിപി 10/2347/2018 തീയതി 15.02.2019 | 25 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10.459/2020 തീയതി 29.05.2020 | 32 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10.1113/2021 തീയതി 07.01.2023 | 36 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം.ജി.പി.10.1145/2021 തീയതി 07.01.2023 | 30 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ബി.റ്റി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്